# ജനനീതി

177

ജനുവരി 2012

10.00 ക.



**കൂടംകുളം:**
**ഇന്ത്യയിൽ വളർന്നുവരുന്ന ആണവഭീഷണി**

# ആഴക്കടൽ മണൽ: സാർവ്വത്രികമായ എതിർപ്പ്

കേരളത്തിന്റെ സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കാനുള്ള കുറുക്കു വഴികളിലൊന്ന് ആഴക്കടലിലെ മണൽ ഖനനമാണെന്ന സർക്കാർ നിർദ്ദേശം സാർവ്വത്രികമായ എതിർപ്പിന്നിടയാക്കി. സാധാരണക്കാരായ മീൻപിടുത്തക്കാർ മുതൽ സമുദ്രശാസ്ത്രജ്ഞന്മാർ വരെ ഈ നിർദ്ദേശത്തെ എതിർക്കുന്നു.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയോടുള്ള കേരളത്തിന്റെ സമീപനം എങ്ങനെയായിരിക്കണമെന്നതു സംബന്ധിച്ച് നടന്ന ഒരു സെമിനാറിലാണ് ധനകാര്യമന്ത്രി കെ.എം. മാണി ഈ നിർദ്ദേശം അവതരിപ്പിച്ചത്. അസാധാരണ ഉറവിടങ്ങളിൽനിന്ന് വരുമാനമുണ്ടാക്കാൻ കഴിഞ്ഞാൽ കേരളത്തിന്ന് പത്തു ശതമാനത്തിന്റെ സാമ്പത്തിക വളർച്ച നേടാവുന്നതേയുള്ളൂ. എന്നു പറഞ്ഞ മന്ത്രി അതിന്നു ഉദാഹരണമായിട്ടാണ് ഈ ആഴക്കടൽ മണൽ ഖനനം നിർദ്ദേശിച്ചത്.

ഇത്തരമൊരു പദ്ധതി നടപ്പാക്കിയാലുണ്ടാകുന്ന പാരിസ്ഥിതികാഘാതം ഗുരുതരമായിരിക്കുമെന്ന് ശാസ്ത്രജ്ഞന്മാർ പറയുന്നു. മത്സ്യബന്ധനം നടത്തി ഉപജീവനമാർഗ്ഗം കണ്ടെത്തുന്നവർക്ക് ഇതു വിനാശകരമായി ഭവിക്കും. ഇത്തരമൊരു പദ്ധതി 2002 ലും തയ്യാറാക്കിയിരുന്നു. മീ ൻ പിടുത്തക്കാരുടെ എതിർപ്പിനെത്തുടർന്ന് ഗവർമ്മേണ്ട് ആ പദ്ധതി ഉപേക്ഷിക്കുകയാണുണ്ടായതെന്ന് ശാസ്ത്രജ്ഞന്മാർ ഓർമ്മിപ്പിക്കുന്നു.

അന്ന് ഒരു ബഹറിൻ കമ്പനിയാണ് ഇതിന്നുള്ള പദ്ധതി തയ്യാറാക്കിയത്. തീരക്കടലിൽനിന്ന് കുറെ ദൂരെ സമുദ്രത്തിൽ വളരെയധികം മണൽ അടിഞ്ഞുകൂടികിടപ്പുണ്ടെന്ന് ഈ കമ്പനിക്കാർ കണ്ടെത്തി. കെട്ടിട നിർമ്മാണത്തിന് ഉപയോഗിക്കാവുന്ന തരത്തിൽ പെട്ട 400 കോടി ടൺ മണൽ അവിടെനിന്നു ശേഖരിക്കാമെന്നാണ് കമ്പനിക്കാർ പറയുന്നത്. കേരളത്തിൽ അനുഭവപ്പെടുന്ന കടുത്ത മണൽ ക്ഷാമത്തിന് ഇതൊരു പരിഹാരമാണെന്നു ഗവർമ്മേണ്ട് പറഞ്ഞു. എന്നാൽ ഇത്തവണ ഗവർമ്മേണ്ട് ഈ പദ്ധതി അവതരിപ്പിച്ചത് ഖജനാവ് നിറയ്ക്കാനുള്ള ഒരു കുറുക്കുവഴി എന്ന നിലക്കാണ്.

സുവോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ ഡയറക്ടറായ ഡോ. കെ. വെങ്കടരാമനാണ് ഇത്തവണ ഏറ്റവും രൂക്ഷമായ എതിർപ്പുമായി രംഗത്തുവന്നിരിക്കുന്നത്. ആഴക്കടൽ ഖനനം വെള്ളത്തെയാകെ കലക്കും സമുദ്ര ജീവികളുടെ സഞ്ചാരമാർഗ്ഗം തടയും. ജൈവ വൈവിധ്യംകൊണ്ട് അതിസമ്പന്നമായ കേരളത്തിന്റെ തീരപ്രദേശം നശിക്കും.

തീരകടൽ താഴ്ത്തിയാൽ കടലാക്രമണം വർധിക്കാനും സാധ്യതയുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

പത്തുലക്ഷം പേരുടെ ഉപജീവനമാർഗ്ഗം നശിപ്പിക്കുന്ന ഒരു പദ്ധതിയാണിതെന്ന് സ്വതന്ത്രമത്സ്യ തൊഴലാളി ഫെഡറേഷന്റെ പ്രസിഡണ്ടായ ടി. പീറ്റർ മുന്നറിയിപ്പു നൽകിയിട്ടുണ്ട്.


ജനനീതി

ജനുവരി 2012

177



പത്രാധിപർ:

ടി.വി. അച്ചുതവാരിയർ

പത്രാധിപസമിതി:

കെ.ജി. ശങ്കരപ്പിള്ള
സി.പി. ഗംഗാധരൻ
ഫ്രാൻസീസ് സേവ്യർ
പി.എൻ. ഗോപീകൃഷ്ണൻ
എൻ.എൻ. ഗോകുൽദാസ്
വി.കെ. ഷറഫുദ്ദീൻ
ജോർജ്ജ് പുലികുത്തിയിൽ



ജനനീതി
പി.ബി. നമ്പർ 8
തോട്ടപ്പടി, മണ്ണുത്തി പോസ്റ്റ്
തൃശൂർ – 680 651
Tel :-487 2373479, 2373281
Fax:-487- 2373281
E-mail: gpneethi@sancharnet.in
Web: www.jananeethi.org


എഡിറ്റോറിയൽ

# മുല്ലപ്പെരിയാർ പ്രശ്നം സൗഹൃദ ബന്ധത്തിലൂടെ പരിഹരിക്കണം

മുല്ലപ്പെരിയാർ സംബന്ധിച്ച് ഇന്നു നടന്നുവരുന്ന കോലാഹലങ്ങൾ കാണുമ്പോൾ, കേരളത്തിന്റെ വിഡ്ഢിത്തങ്ങളെക്കുറിച്ച് ചിന്തിച്ച് ആരായാലും മൂക്കത്ത് വിരൽവച്ചുപോകും. ഫുട്ബോൾ കളിയിൽ "സെൽഫ് ഗോൾ അടിക്കുക" എന്നൊരു വിഡ്ഢിത്തമുണ്ട്. സ്വന്തം ഗോൾപോസ്റ്റിൽ സ്വയം ഗോളടിക്കുന്നതിന്നാണ് അങ്ങനെ പറയുക. മുല്ലപ്പെരിയാർ പ്രശ്നത്തിൽ കേരളം പിന്നേയും പിന്നേയും സെൽഫ് ഗോളടിച്ചുകൊണ്ടിരിക്കുന്നു.

മുല്ലപ്പെരിയാർ അണക്കെട്ട് പൊളിച്ചു പണിയണമെന്നത് യഥാർത്ഥത്തിൽ തമിഴ്നാടിന്റെ ആവശ്യമാണ്. അല്പം ദുർബുദ്ധി കയ്യിലുണ്ടെങ്കിൽ കേരളം അതിനെ എതിർക്കുകയാണ് വേണ്ടത്. ദുർബുദ്ധി പോകട്ടെ, സൽബുദ്ധിയാണുള്ളതെന്നു വരികിലും കേരളം അല്പം മടിച്ചുനിൽക്കുകയും പുതിയ മുല്ലപ്പെരിയാർ കരാർകൊണ്ട് നേടാവുന്നത്ര നേടാൻ ശ്രമിക്കുകയുമാണ് വേണ്ടത്. എന്നാൽ ഇവിടെ സംഭവിക്കുന്നതെന്താണ്? തമിഴ്നാട് ആവശ്യപ്പെടേണ്ടിയിരുന്ന ആവശ്യങ്ങൾ കേരളം തന്നെ ആവശ്യപ്പെടുന്നു. മുല്ലപ്പെരിയാർ വഴി കിട്ടേണ്ട വെള്ളവും പിന്നെ ഒരുപിടി വെള്ളം സൗജന്യവും പുതിയ കരാർ പ്രകാരം നൽകാമെന്ന് കേരളം ഇപ്പോൾതന്നെ ഏറ്റു കഴിഞ്ഞിരിക്കുന്നു! വിഡ്ഢിത്തത്തിന്നും വേണ്ടെ ഒരതിരൊക്കെ? പഴയ കരാർ പ്രകാരം നൽകേണ്ട വെള്ളം പുതിയ കരാർ പ്രകാരവും നൽകാമെന്നല്ല കേരളം ഇപ്പോൾ പറയുന്നത്! തമിഴ്നാട് കരാറിന്നുപരി കൊണ്ടുപോകുന്ന വെള്ളംകൂടി

പുതിയ കരാർ പ്രകാരം തമിഴ്നാടിന്റെ അവകാശമായിത്തീർന്നിരിക്കുന്നു!

അയൽ സംസ്ഥാനമായ തമിഴ്നാടിനെ ദ്രോഹിക്കണമെന്ന് ആരും പറയില്ല. കഴിയുന്ന സഹായം നൽകുന്നതിൽ തെറ്റുമില്ല. എന്നാൽ അതൊക്കെ അവകാശമാക്കിമാറ്റുന്നതിന്നുമുമ്പ് രണ്ടു തവണ ചിന്തിക്കണം. പണ്ട് കേരളത്തിൽ ആവശ്യത്തിലേറെ വൈദ്യുതി ഉല്പാദിപ്പിച്ചിരുന്നു. വൈദ്യുതിക്ഷാമം അനുഭവപ്പെട്ടുകൊണ്ടിരുന്ന തമിഴ്നാടിന്നാണ് ആ മിച്ച വൈദ്യുതിയൊക്കെ നൽകിയത്. വൈദ്യുതിക്ക് പകരം അന്ന് അതിദുർലഭമായിരുന്ന അരിതരാം, സിമന്റ് തരാം എന്നൊക്കെ പറഞ്ഞാണ് ശുദ്ധഹൃദയനായ സി. അച്ചുതമേനോനെ പറ്റിച്ചത്. പിന്നെ അരിയും കിട്ടിയില്ല, സിമന്റും കിട്ടിയില്ല. പിന്നീടെന്തുണ്ടായി എന്നു ഈശ്വരന്നുപോലും അറിയുകയുമില്ല.

പൂർണ്ണമായും കേരളത്തിൽകൂടി ഒഴുകുന്ന നദിയാണ് മുല്ലപ്പെരിയാർ. കാവേരിയുടെ കാര്യത്തിൽ കർണാടകവുമായി തർക്കിക്കുന്നതുപോലെ മുല്ലപ്പെരിയാർ കാര്യത്തിൽ തമിഴ്നാടിന്ന് ഒരവകാശവുമില്ല. ഉത്ഭവസ്ഥാനം മുതൽ സമുദ്രസംഗമം വരെയുള്ള നീർവാർച്ച മുഴുവനും കേരളത്തിൽ കൂടിയാണ്. കരാർ കാര്യത്തിലും തമിഴ്നാടിന്ന് പിടിച്ചുനിൽക്കാനാവില്ല. കരാർ ഏതായാലും ശരി, ഒരു തലമുറക്കാലത്തിന്നപ്പുറം പോകുന്ന ഒരു കരാറും സാധുവല്ലെന്ന് കോടതി വിധിച്ചിട്ടുണ്ട്. ഒരു തലമുറയുടെ ഭാവിയെ ബന്ധിച്ചിടാൻ മുൻ തലമുറക്ക് അവകാശമില്ല എന്നതുതന്നെയാണ് അതിന്റെ കാരണം. ബ്രിട്ടീഷ് ഭരണകാലത്ത് ഒരുപാട് കരാറുകളിൽ അവർ നാട്ടുരാജാക്കന്മാരെക്കൊണ്ട് ഒപ്പിടുവിച്ചിട്ടുണ്ട്. നാട്ടുരാജാക്കന്മാർ അന്ന് അടിമകളായിരുന്നു. ബ്രിട്ടീഷുകാർ പറഞ്ഞതൊക്കെ സമ്മതിക്കുകയല്ലാതെ അവർക്ക് പോംവഴിയൊന്നുമുണ്ടായിരുന്നില്ല. കാവേരി നദീജലക്കരാറും മുല്ലപ്പെരിയാർ കരാറുമെല്ലാം ഇതിന്നുദാഹരണമായി ചൂണ്ടിക്കാണിക്കാം. എന്നാൽ ഒരു കോടതിയും അതംഗീകരിക്കില്ല.

ആദ്യം പറഞ്ഞതുപോലെ തമിഴ്നാടിനെ ദ്രോഹിക്കണമെന്ന ചിന്ത കേരളത്തിന്നില്ല. കഴിയുന്ന സഹായമെല്ലാം നൽകാൻ കേരളം തയ്യാറുമാണ്. എന്നാൽ അതൊന്നും അവകാശമാക്കി മാറ്റരുത്. പണ്ട് തമിഴർക്ക് വേണ്ട സഹായമെല്ലാം ശ്രീലങ്ക നൽകിക്കൊണ്ടിരുന്നു. ഒടുവിൽ സംഘടിത ശക്തിയിലൂടെ അതെല്ലാം അവകാശങ്ങളാക്കി മാറ്റാൻ ശ്രമിച്ചപ്പോഴാണ് ഈഴം ഒരു പ്രശ്നമായത്. ഇന്ത്യയിലും തുടക്കം "ഈഴ"വും വച്ചായിരുന്നുവെന്നും അതിവിടെ നടക്കില്ലെന്ന് ബോധ്യമായപ്പോഴാണ് അണ്ണാദുര കഴകത്തെ ദ്രാവിഡ മുന്നേറ്റ കഴകമാക്കിയതെന്നും നാം ഓർക്കേണ്ടതുണ്ട്. കഴിഞ്ഞതെല്ലാം കഴിഞ്ഞു. നമുക്കത് മറക്കുകയും പൊറുക്കുകയും ചെയ്യാം. എന്നാൽ കേരളത്തിന്റെ നദീജല സമ്പത്തിലും വനസമ്പത്തിലും അനർഹമായ ദോഷമേ ചെയ്യൂ എന്ന് ഓർത്തിരിക്കുന്നത് നല്ലതാണ്.

തമിഴ്നാടിന് കഴിയുന്നത്ര വെള്ളം നൽകാൻ കേരളം തയ്യാറാകണം. എന്നാൽ അതൊരു അവകാശമാക്കാൻ തമിഴ്നാട് ശ്രമിക്കരുത്. മുല്ലപ്പെരിയാർ ജലമൊഴിച്ച് ബാക്കിയെല്ലാം സൗഹൃദ ബന്ധത്തിലൂടെയാണ് തമിഴ്നാട് സമ്പാദിച്ചത്. മുല്ലപ്പെരിയാറിന്റെ കഥയും അങ്ങനെയാക്കാനായിരിക്കണം എല്ലാവരുടേയും ശ്രമം. ❑



# അണുവൈദ്യുതിക്കാര്യത്തിലുള്ള ജപ്പാന്റെ അങ്കലാപ്പ്

**- എൻ. ഗോപാൽ രാജ് -**

**ജ**പ്പാന്റെ ഫുക്കുഷിമ അണുനിലയത്തിലുണ്ടായ അപകടം ജപ്പാനെ വലിയൊരു അങ്കലാപ്പിൽ അകപ്പെടുത്തിയിരിക്കുകയാണ്. അണുപ്രസരമുണ്ടായ പ്രദേശങ്ങളിൽനിന്ന് പതിനായിരക്കണക്കിന് ആളുകളെ മാറ്റി പാർപ്പിക്കേണ്ടിവന്നു. ഇനി എന്തു ചെയ്യണമെന്നറിയാതെ ഗവർമ്മേണ്ട് ഇരുട്ടിൽ തപ്പുന്നു. ജപ്പാന്റെ ഊർജ്ജ സങ്കലന സംവിധാനത്തിൽ അണുവൈദ്യുതിക്ക് കല്പിച്ചു നൽകേണ്ട പദവി എന്തായിരിക്കണം?

ജപ്പാനിൽ ഊർജ്ജ സ്രോതസ്സുകളൊന്നുമില്ല. കൽക്കരി, പെട്രോളിയം ഉല്പന്നങ്ങൾ, പ്രകൃതി വാതകങ്ങൾ എന്നിവയ്ക്കെല്ലാം വിദേശങ്ങളെ ആശ്രയിക്കണം. ലോകത്തിലെ ഏറ്റവും വലിയ സമ്പദ് വ്യവസ്ഥകളിൽ മൂന്നാം സ്ഥാനം ജപ്പാനാണെങ്കിലും അതിനെല്ലാമുള്ള ഊർജ്ജത്തിൽ എൺപതു ശതമാനവും ഇറക്കുമതി ചെയ്യേണ്ടതുണ്ട്.

മാർച്ച് 11 ലെ അതിശക്തമായ ഭൂകമ്പവും തുടർന്നുണ്ടായ സുനാമിയും സംഭവിക്കുന്നതിന്നു മുമ്പ് ജപ്പാനിൽ 54 അണുനിലയങ്ങൾ പ്രവർത്തിച്ചിരുന്നു. ഫുക്കുഷിമയിലുണ്ടായിരുന്ന ആറു റിയാക്ടറുകളിൽ നാലെണ്ണത്തിന്നാണ് സുനാമിയിൽ കേടുപറ്റിയത്. രാജ്യത്തിന്നാവശ്യമായ വൈദ്യുതിയിൽ നാലിലൊന്ന് ഈ 54 റിയാക്ടറുകളാണ് ഉല്പാദിപ്പിച്ചിരുന്നത്.

ജപ്പാന്റെ ഊർജ്ജ ഉല്പാദന തന്ത്രം കഴിഞ്ഞ കൊല്ലം പുതുക്കി നിശ്ചയിച്ചതാണ്. കൽക്കരി - പെട്രോളിയം ഇറക്കുമതി കുറയ്ക്കുന്ന ഒന്നായിരുന്നു പുതിയ തന്ത്രം. ഊർജ്ജവിനിയോഗത്തിന്റെ കാര്യക്ഷമത വർധിപ്പിക്കാനും നിശ്ചയിച്ചിരുന്നു. പുതുക്കാവുന്ന ഊർജ്ജത്തിന്റെ വിനിയോഗം വർദ്ധിപ്പിക്കലായിരുന്നു മറ്റൊരു തന്ത്രം.

2020 ആകുമ്പോഴേക്കും പുതുതായി ഒമ്പത് അണുവൈദ്യുതി നിലയങ്ങൾ സ്ഥാപിക്കാനും അതിന്നടുത്ത ദശകങ്ങളിൽ പുതുതായി അഞ്ചെണ്ണത്തിനും പ്ലാനിട്ടിരുന്നു. അങ്ങനെ അണുനിലയങ്ങളിൽ നിന്നുള്ള വൈദ്യുതിയിലൂടെ വൈദ്യുതോല്പാദനം ഇരട്ടിപ്പിക്കാമെന്നതായിരുന്നു പ്ലാൻ.

എന്നാൽ ഇപ്പോൾ അണുവൈദ്യുതി നിലയങ്ങളുടെ സുരക്ഷിതത്വത്തെക്കുറിച്ച് ജനങ്ങൾക്കിടയിൽ വല്ലാത്ത ഉൽക്കണ്ഠ വളർന്നിരിക്കുന്നതിനാൽ ഈ പദ്ധതിയെക്കുറിച്ച് ഒരു വീണ്ടുവിചാരം നടത്താൻ ജപ്പാൻ നിർബദ്ധമായിരിക്കുകയാണ്. അണുശക്തിയെക്കുറിച്ച് ഇനി ചിന്തിക്കണ്ട എന്നുവരെ മുൻ പ്രധാനമന്ത്രി നവോതോകാൻ പറയുകയുണ്ടായി. ഏതായാലും പെട്ടെന്ന് അങ്ങനെയൊന്നും സംഭവിക്കാനിടയില്ല. ഭൂകമ്പത്തെത്തുടർന്നുണ്ടായ പ്രശ്നങ്ങളെ പർവ്വതീകരിച്ചു കാണിക്കുന്നുവെന്ന ആക്ഷേപത്തിന്ന് പാത്രമായ കാൻ പ്രധാനമന്ത്രി പദം തന്നെ ഒഴിഞ്ഞു. അദ്ദേഹത്തിന്റെ ധനകാര്യമന്ത്രിയായിരുന്ന യോഷികിഹോ നോഡ പ്രധാനമന്ത്രിപദം കയ്യേൽക്കുകയും ചെയ്തു.

ജപ്പാന്റെ ഊർജ്ജ നയ കാര്യത്തിൽ സമഗ്രമായൊരു അവലോകനം നടത്താനാണ് പുതിയ ഗവർമ്മേണ്ട് തീരുമാനിച്ചിരിക്കുന്നത്. പുതിയ സാഹചര്യത്തിൽ പുതിയ അണുവൈദ്യുതി നിലയങ്ങൾ സ്ഥാപിക്കുന്നത് വളരെ വിഷമകരമായി

# ചെകിടത്തൊരടിയല്ലേ, സാരമില്ല

**എ**ൻ.സി.പി. നേതാവും കൃഷികാര്യമന്ത്രിയുമായ ശരദ് പവ്വാറിനെ ഒരാൾ ആക്രമിച്ചതിനെ പരാമർശിച്ചുകൊണ്ട് “ചെകിടത്ത് ഒരടികിട്ടിയെന്നല്ലേ ഉള്ളൂ സാരമില്ല” എന്നു താൻ പറഞ്ഞുവെന്നത് ശരിയാണെന്നും അത് ഹിംസയാണെങ്കിലും തെറ്റില്ലെന്നും അഴിമതി വിരുദ്ധ പ്രസ്ഥാനത്തിന്റെ നേതാവായ അന്ന ഹസാരെ പറഞ്ഞു. താൻ ഇത്തരം തെറ്റായ പദങ്ങൾ നൂറുകണക്കിന്ന് ഉപയോഗിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. പക്ഷെ അതൊക്കെ സമൂഹത്തിന്റെ നന്മക്കായിട്ടാണെന്ന് അദ്ദേഹം ന്യായീകരിച്ചു. വ്യാപകമായ അഴിമതിക്കും അനീതിക്കുമപ്പുറം എന്താണ് നമ്മുടെ രാഷ്ട്രീയ നേതാക്കളെ അരിശം കൊള്ളിക്കുക എന്നദ്ദേഹം ചോദിക്കുന്നു. ചെകിടത്ത് ഒരടി കൊടുത്തതേയുള്ളൂ എന്ന് താൻ ചോദിച്ചപ്പോൾ താനൊരു ഹിംസയാണ് ചെയ്തതെന്ന് ഞാൻ സമ്മതിക്കുന്നു. എന്നാൽ സമൂഹത്തിന്റെ നന്മയെക്കുറിച്ചോർക്കുമ്പോൾ ഈ ഹിംസ തെറ്റാണെന്ന് താൻ കരുതുന്നില്ല. ചെകിടത്തടിച്ചത് വളരെ മോശമായെന്ന് പല രാഷ്ട്രീയക്കാരും കരുതുന്നുണ്ട്. അവരിൽ പലരും അത്യധികം അരിശം കൊള്ളുകയും ചെയ്തു. പക്ഷെ ആ യുവാവ് അങ്ങനെ ചെകിടത്തടിക്കാൻ കാരണമെന്താണെന്ന് ചർച്ച ചെയ്യേണ്ടത് പ്രധാനമാണ് എന്ന് ഹസാരെ പറഞ്ഞു.

റലേഗവോൺ സിദ്ദി എന്ന ഹസാരെയുടെ ഗ്രാമത്തിന്റെ നേരെ എൻ.സി.പി. പ്രവർത്തകർ ഇന്നലെ ആക്രമണം നടത്തിയിരുന്നു. എല്ലാ തരം ഹിംസകളേയും അപലപിക്കുന്ന ആളാണ് താനെന്ന് അന്ന ഹസാരെ വിശദീകരിച്ചു. പവ്വാറിന്റെ അനുചരന്മാർ അങ്ങെയറ്റം വൃത്തികെട്ട പദങ്ങൾ ഞങ്ങൾക്കെതിരായി പ്രയോഗിച്ചു. അതിന്റെ ഒരു കോംപാക്ട് ഡിസ്ക് (സി ഡി) താൻ സൂക്ഷിച്ചിട്ടുണ്ടെന്നും തക്ക സമയത്ത് താനത് ജനങ്ങൾ മുമ്പാകെ അവതരിപ്പിക്കുമെന്നും ഹസാരെ പറഞ്ഞു.

പവ്വാറിനെ അതിനിശിതമായ ഭാഷയിൽ ഹസാരെ വിമർശിച്ചു. മുമ്പ് മഹാരാഷ്ട്ര മുഖ്യമന്ത്രിയായിരുന്ന പവ്വാറിന്റെ മുൻകാല കഥ അത്ര നല്ലതൊന്നുമല്ലെന്ന് ഹസാരെ പറഞ്ഞു. പവ്വാർ കൃഷികാര്യമന്ത്രിയായിരിക്കെ കെട്ടുനാറിയ ഗോതമ്പ് ഇറക്കുമതി ചെയ്ത് കോടിക്കണക്കിന്നു രൂപ ദുർവ്യയം ചെയ്തിട്ടുണ്ട്. ഭക്ഷ്യയോഗ്യമല്ലാത്തതിനാൽ അതൊക്കെ കുഴികുത്തി കുഴിച്ചുമൂടി. എന്നാൽ ഒരു രാഷ്ട്രീയക്കാരനും അന്ന് ക്ഷോഭിക്കുകയുണ്ടായില്ല.

ചെകിടത്ത് ഒരടികിട്ടിയപ്പോഴേക്കും രാഷ്ട്രീയക്കാരെല്ലാം ഇത്ര ക്ഷോഭിച്ചതെന്തുകൊണ്ടാണെന്ന് അന്ന ഹസാരെ ചോദിച്ചു. കർഷകർ അവരുടെ അവകാശങ്ങൾ ഉന്നയിച്ച് മുന്നോട്ടുവന്നപ്പോൾ അവരെ ലാത്തിച്ചാർജ്ജ് നടത്തി ഓടിച്ചു; വെടിവച്ചു വീഴ്ത്തി; ചിലരെ കൊന്നു. എന്നിട്ടും കാർഷികാധിഷ്ഠിതമായ ഈ രാജ്യത്ത് ആരും ക്ഷോഭിച്ചില്ല. ഇത് നിർഭാഗ്യകരമാണ്. പല കർഷകരും ആത്മഹത്യ ചെയ്തു എന്നിട്ടും ഒരു രാഷ്ട്രീയക്കാരനും ക്ഷോഭിച്ചില്ല, ഇതെല്ലാം നിർഭാഗ്യകരമാണ്.

കഴിഞ്ഞ ആഗസ്തിൽ വ്യാവസായികാവശ്യത്തിന്നുള്ള ഒരു പൈപ്പ് ലൈൻ ശുദ്ധീകരിക്കാൻ കൃഷിക്ക് ഉപയോഗിച്ചിരുന്ന വെള്ളം തിരിച്ചുവിടുകയുണ്ടായി. പൂനക്കടുത്ത മാവാരിൽ കർഷകർ ഇതിൽ പ്രതിഷേധിച്ചു. തോക്കുമായാണ് ഗവർമ്മേണ്ട് ഇവരെ നേരിട്ടത്. മൂന്നുപേർ കൊല്ലപ്പെട്ടു. എന്നാൽ ഒരു രാഷ്ട്രീയക്കാരനും ക്ഷോഭിച്ചില്ല.

1989 ൽ താൻ നടത്തിയ നിരാഹാര വ്രതത്തിന്റെ കഥ ഹസാരെ ഓർമ്മിപ്പിച്ചു. മഹാരാഷ്ട്രം അന്ന് കടുത്ത വൈദ്യുതി ക്ഷാമം അനുഭവിക്കുകയായിരുന്നു. അധികൃതർ വന്ന് തന്നെ എടുത്തുകൊണ്ടുപോയി ആസ്പത്രിയിലിട്ടു. ജനങ്ങൾ അതിൽ പ്രതിഷേധിച്ചു. ഗതാഗതം തടഞ്ഞു. അന്നത്തെ വെടിവയ്പിൽ നാലു കർഷകർ മരിച്ചു. എന്നാൽ ഒരു രാഷ്ട്രീയക്കാരനും ക്ഷോഭം തോന്നിയില്ല. അന്ന് ഈ പവ്വാറായിരുന്നു മുഖ്യമന്ത്രി. ആ സംഭവം നടന്നിട്ടിപ്പോൾ കൊല്ലം 22 കഴിഞ്ഞു. വൈദ്യുതി ക്ഷാമം പഴയപടി തുടരുന്നു.

ചെകിടത്ത് ഒരടികിട്ടിയപ്പോഴേക്കും രാഷ്ട്രീയക്കാരെല്ലാം ക്ഷോഭിച്ചു. ആ ഒരടിക്ക് ബദലായി ബസ്സുകൾ കത്തിച്ചു. ദേശീയ സമ്പത്ത് ഏറെ നശിപ്പിച്ചു; പല വ്യാപാര കേന്ദ്രങ്ങളും തല്ലിത്തകർത്തു. ഒട്ടേറെ സ്വകാര്യ വാഹനങ്ങൾക്കും കേടുവരുത്തി. ഇതൊന്നും ആരേയും ക്ഷോഭിപ്പിച്ചില്ലല്ലോ. ഇതു കഷ്ടമാണെന്ന് അദ്ദേഹം പറഞ്ഞു.

ജ. പി.ബി. സാവന്തിന്റെ അന്വേഷണ റിപ്പോർട്ട് ഹസാരെ ചൂണ്ടിക്കാട്ടി. ഈ റിപ്പോർട്ടിലാണ് മൂന്നു മന്ത്രിമാരുടെ അഴിമതി പുറത്തുവന്നത്. ജ. സാവന്ത് കമ്മീഷൻ അഴിമതിക്കാരായി ചൂണ്ടിക്കാണിച്ച മന്ത്രിമാർക്കെതിരെ അഴിമതി നിരോധന നിയമപ്രകാരം നിയമ നടപടിയെടുക്കണമെന്ന് ഞാൻ അഞ്ചാറു കൊല്ലമായി ആവശ്യപ്പെട്ടു വരികയായിരുന്നു. പക്ഷെ ഗവർമ്മേണ്ട് ഒന്നും ചെയ്തിട്ടില്ല. ലോകപാൽ ബിൽ നിയമമായിക്കഴിഞ്ഞാൽ ഈ മന്ത്രിമാരെ ശിക്ഷിക്കാനുള്ള നടപടികൾ താൻ ആരംഭിക്കുമെന്നും ഹസാരെ പറഞ്ഞു.

ചെകിടത്ത് ഒരടി കിട്ടുമ്പോഴേക്കും ചിലർക്ക് ശുണ്ഠി വരുന്നു. അതേസമയം ജീവിതകാലം മുഴുവൻ സമൂഹത്തിനായി ഉഴിഞ്ഞുവച്ച കർഷകർക്ക് എത്ര അടി കിട്ടിയാലും ആർക്കും ശുണ്ഠി വരുന്നില്ല എന്ന് ഹസാരെ ചൂണ്ടിക്കാട്ടി. ഹസാരെ ഇപ്പോൾ റലേഗവോൺ സിദ്ദിയിൽ ഉപവാസ സംബന്ധമായ ക്ഷീണത്തിന്നും സ്പോൻഡിലെറ്റിസ് എന്ന അസുഖത്തിന്നുമുള്ള ചികിത്സയിൽ കഴിയുകയാണ്. തനിക്കെതിരായ അരിശം തീർക്കാൻ ആരും പൊതു സ്വത്തുക്കൾ നശിപ്പിക്കരുതെന്ന് അന്ന ഹസാരെ അഭ്യർത്ഥിച്ചിട്ടുണ്ട്.

ഇനി ആരെങ്കിലും തന്റെ ചെകിടത്തടിച്ചാൽ അതിന്റെ ഉത്തരവാദിത്വം ഹസാരേക്കായിരിക്കുമെന്ന് പവ്വാർ മുന്നറിയിപ്പ് നൽകിയിട്ടുമുണ്ട്. ഹസാരെ ഉപയോഗിച്ച വാക്കുകളിൽ തനിക്ക് വേദനയുണ്ടെന്ന് പവ്വാർ പറയുന്നു. തന്റെ നേരെ നടന്ന കയ്യേറ്റത്തെ ന്യായീകരിച്ചതോടെ ഗാന്ധിസം, അഹിംസ എന്നീ പദങ്ങൾക്ക് ഹസാരെ പുതിയൊരു നിർവ്വചനം കണ്ടുപിടിച്ചിരിക്കുകയാണെന്ന് പവ്വാർ ആക്ഷേപിച്ചു.

ഹസാരെയുടെ, വാക്കുകളെ പക്വതയോടെ കാണണമെന്നും ആരും തിരിച്ചടിക്കാൻ മുതിരരുതെന്നും പവ്വാർ തന്റെ അനുയായികളോട് അഭ്യർത്ഥിച്ചു. ❑

---

രിക്കുമെന്ന് പുതിയ പ്രധാനമന്ത്രിയും പറയുന്നുണ്ട്. പുതിയൊരു അണുവൈദ്യുതി നയത്തിന്ന് ഒരു കൊല്ലത്തിന്നകം രൂപം നൽകും . അപ്പോൾ ഈ വൈഷമ്യങ്ങൾ പ്രകടമാകും.

ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന മൂന്നു അണു നിലയങ്ങൾക്ക് എന്തു സംഭവിക്കുമെന്നു പറയാറായിട്ടില്ല. ഓരോന്നിന്റേയും സ്ഥിതി വിശേഷം പരിശോധിച്ചതിന്നു ശേഷമേ മേൽ നടപടി തീരുമാനിക്കൂ. നിലവിലുള്ള റിയാക്ടറുകളിൽ മുക്കാൽ ഭാഗവും സംരക്ഷണ പ്രവർത്തനങ്ങൾക്കായി അടച്ചിട്ടിരിക്കുകയാണ്. അടുത്തകാലംവരെ ജപ്പാനിലെ അണുനിലയങ്ങളിൽ പത്തെണ്ണമേ പ്രവർത്തിക്കുന്നുണ്ടായിരുന്നുള്ളൂ. ❑

# കപിൽ സിബലിന്ന് വിനോദ് റായിയുടെ സ്റ്റഡി ക്ലാസ്

**2**-ജി വില്പനയിൽ ഗവർമ്മേണ്ടിന്ന് നഷ്ടമൊന്നും സംഭവിച്ചിട്ടില്ലെന്നു പറഞ്ഞ പുതിയ ടെലികമ്യൂണിക്കേഷൻ മന്ത്രി കപിൽ സിബലിന്ന് കംപ്ട്രോളർ ആൻജ് എക്കൗണ്ടന്റ് ജനറലായ വിനോദ് റായ് ശക്തിയായ ഭാഷയിൽ മറുപടി പറഞ്ഞു.

ജോയിന്റ് പാർലിമെന്ററി കമ്മിറ്റി മുമ്പാകെ തെളിവു നൽകുന്നതിന്നിടയിൽ മന്ത്രി കപിൽ സിബലിന്നറിയാത്ത ഒട്ടേറെ കാര്യങ്ങൾ വിനോദ് റോയ് പഠിപ്പിച്ചു.

2008 ൽ 2-ജി ബിസിനസ്സിൽ ഗവർമ്മേണ്ടിന്നുവന്ന "സംഭവ്യ നഷ്ടം" 176 ലക്ഷം കോടി രൂപയാണെന്ന വാദത്തിൽ വിനോദ് റായി ഉറച്ചുനിന്നു. സ്പെക്ട്രം 2001 ലെ വില നിരക്കിൽ തനിക്ക് വേണ്ടപ്പെട്ട ചിലർക്കുമാത്രം 2008 ൽ നൽകി എന്നതാണ് അന്നത്തെ മന്ത്രിയായ എ. രാജക്കെതിരെ ഉന്നയിക്കപ്പെട്ടിരുന്ന ആരോപണം. പിടിച്ചുനിൽക്കാൻ ഒരു പിടിവള്ളി പോലുമില്ലാതായപ്പോൾ മന്ത്രി രാജ രാജിവച്ചു. രാജ ഇപ്പോൾ ജയിലിൽ കിടപ്പാണ്.

അങ്ങനെ ഒഴിവു വന്ന സ്ഥാനത്താണ് കപിൽ സിബൽ നിയമിക്കപ്പെട്ടത്. അധികാരമേറ്റ കപിൽ ആദ്യത്ത പത്ര സമ്മേളനത്തിൽ തന്നെ ഈ ബിസിനസ്സിൽ ഗവർമ്മേണ്ടിന്ന് ഒരു രൂപ പോലും നഷ്ടം വന്നില്ലെന്നു വാദിച്ചു.

2008 ലെ സ്പെക്ട്രം ഇടപാട് 2001 ലെ വിലയ്ക്കല്ല പുതുക്കിയ വിലക്കായിരിക്കണമെന്ന് അന്നത്തെ ധനകാര്യ മന്ത്രി വാദിച്ചിരുന്നു. പ്രധാനമന്ത്രിയുടെ ഓഫീസിൽ നിന്നുള്ള നിർദ്ദേശവും അതായിരുന്നു. ടെലി കമ്യൂണിക്കേഷൻ അന്വേഷിക്കുന്ന ജോയിന്റ് പാർലിമെന്ററി കമ്മിറ്റി മുമ്പാകെ വിനോദ് റായി തന്റെ ഓഫീസ് അവലംബിച്ച നയത്തെ വിസ്തരിച്ചുതന്നെ ചർച്ചാവിഷയമാക്കി. കേന്ദ്ര ധനകാര്യാലയവും പ്രധാനമന്ത്രിയുടെ ഓഫീസും 2007 ലെ ടെലികമ്യൂണിക്കേഷൻ നിരക്ക് കൂട്ടാൻ നിർദ്ദേശിച്ചിരുന്നു.

വിനോദ് റായിയുടെ വിശദീകരണം ആറുമണിക്കൂർ നീണ്ടുനിന്നു. അതിന്നുശേഷം അംഗങ്ങളുടെ ചോദ്യങ്ങൾക്ക് അദ്ദേഹം ഉത്തരം നൽകി.

"യഥാർത്ഥ നഷ്ടം" 2645 കോടി രൂപയാണെന്ന് താൻ പറഞ്ഞതിന്റെ അടിസ്ഥാനമെന്താണെന്ന് കമ്പി-തപാൽ ഡയറക്ടർ ജനറൽ ആർ. പി. സിങ് ഇന്നലെ വിശദീകരിച്ചിരുന്നു.

യഥാർത്ഥ നഷ്ടം 2645 കോടിയാണെന്നു പറഞ്ഞ ആർ.പി. സിങ് തന്നെ തന്റെ കുറിപ്പിൽ 10,000 കോടിയുടേയും 65,000 കോടിയുടേയും നഷ്ടത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ടെന്ന് വിനോദ് റായ് ചൂണ്ടിക്കാട്ടി. സിങ് 2010 മേയ് 31 ന് അയച്ച കുറിപ്പിൽ കൂടുതൽ ഓഡിറ്റ് വേണ്ടി വന്നേക്കുമെന്നും പറഞ്ഞിട്ടുണ്ട്.

2010ൽ കംപ്ട്രോളർ സമർപ്പിച്ച അവസാന റിപ്പോർട്ടിൽ 1.76 ലക്ഷം കോടിയാണ് സംഭവ്യ നഷ്ടം. ഇതുശരിയല്ലെന്നും കംപ്ട്രോളർ തന്റെ അധികാരസീമ വിട്ട് നയപരമായ കാര്യങ്ങളിൽ പ്രവേശിച്ചിരിക്കുകയാണെന്നും, കംപ്ട്രോളർക്ക് ഓഡിറ്റ് നടത്താൻ മാത്രമേ അധികാരമുള്ളൂവെന്നും കോൺഗ്രസ്സുകാർ വാദിച്ചുവരികയായിരുന്നു. വിനോദ് റായ് ഇത് തിരസ്കരിച്ചു. അദ്ദേഹം ധനകാര്യാലയത്തിന്റെ കുറിപ്പു ചൂണ്ടിക്കാട്ടി. സ്പെക്ട്രത്തിന്ന് ഒരു വിലയിടുകയാണെങ്കിൽ ടെലികമ്യൂണിക്കേഷൻ വകുപ്പിന്ന് ചെയ്യാവുന്ന കാര്യങ്ങൾ രണ്ടാണെന്ന് ധനകാര്യാലയം പറയുന്നു. - ഒന്നുകിൽ ലേലം ചെയ്യുക അതല്ലെങ്കിൽ കമ്പോളവില നോക്കുക എന്നിവയാണവ. ഇതിൽ ഏത് വേണമെന്ന് ധനകാര്യ മന്ത്രാലയം തീർത്തു പറഞ്ഞിട്ടില്ല. അപ്പോൾ നഷ്ടമൊന്നുമില്ലെന്ന് മന്ത്രിമാർ പറയുന്നതെങ്ങനെയാണ്? ധനകാര്യാലയത്തിന്റെ 2007 ലെ ഒരു കുറിപ്പിൽ പ്രവേശന ഫീസ് കൂട്ടണമെന്നു പറഞ്ഞിട്ടുമുണ്ട്.



ജോയിന്റ് പാർലിമെന്ററി കമ്മിറ്റി മുമ്പാകെ തെളിവുനൽകിയ ശേഷം പുറത്തുവരുന്ന വിനോദ് റായ്

കംപ്ട്രോളർ മൂന്നു തലത്തിലാണ് ഓഡിറ്റ് നടത്തുന്നതെന്ന് വിനോദ് റായി ജോയിന്റ് പാർലിമെന്റ് കമ്മിറ്റിയെ ഓർമ്മിപ്പിച്ചു. ആദ്യത്തേത് ഫീൽഡ് ഓഡിറ്റ് റിപ്പോർട്ടാണ്. അതിൽ 48000 കോടിയും 26000 കോടിയും നഷ്ടം കണക്കാക്കിയിരിക്കുന്നു. ഡയറക്ടർ ജനറലിന്റെ ഓഫീസിൽ അത് പുനപരിശോധന ക്ക് വിധേയമാക്കിയപ്പോൾ നഷ്ടം 2645 കോടിയും 2651 കോടിയുമായി. കംപ്ട്രോളറുടെ ഓഫീസിലാണ് മൂന്നാം ഘട്ടം നടക്കുന്നത്. മുമ്പ് ലഭ്യമല്ലാതിരുന്ന രേഖകൾ കൂടി പരിശോധിച്ചപ്പോൾ നഷ്ടം 58,000 കോടി മുതൽ 1,76,000 കോടിവരെയായി. ഇതാണ് കംപ്ട്രോളറുടെ അവസാന കണക്കിൽ ചേർത്തിരിക്കുന്നത്.

സംഭവ്യ നഷ്ടം എന്ന ശൈലിയെ വിനോദ് റായ് വിശദീകരിച്ചു. പ്രത്യക്ഷ നികുതിക്കും ആദായ നികുതിക്കും ഉപയോഗിക്കുന്ന ശൈലിയാണത്. സംഭവ്യ വരുമാനം, സംഭവ്യ നികുതി എന്നൊക്കെ ആദായ നികുതിക്കാർ ഉപയോഗിക്കാറുണ്ട്. അത് അംഗീകൃത ശൈലിയാണ്. കംപ്ട്രോളറുടെ ഓഫീസിലും ആ ശൈലിയാണ് ഉപയോഗിക്കാറുള്ളത്.

കംപ്ട്രോളർ അതിരുവിട്ടു എന്ന ആക്ഷേപത്തേയും അദ്ദേഹം നിരാകരിച്ചു. ഗവർമ്മേണ്ടിന്റെ നിശ്ചിത നയം എങ്ങനെ നടപ്പാക്കി എന്നു മാത്രമേ കംപ്ട്രോളർ പരിശോധിച്ചിട്ടുള്ളൂ. ദുർലഭമായ ഒരു വിഭവമാണ് സ്പെക്ട്രം. അതു പങ്കിട്ടു നൽകുമ്പോൾ ഗവർമ്മേണ്ടിന്നുള്ള വരുമാനം പരമാവധി വർധിപ്പിക്കേണ്ടതുണ്ട്. അല്പം ചിലർക്ക് ഗുണകരമായ വിധത്തിൽ അതു വിനിയോഗിച്ചു എന്നാണ് കേസ്. അതു മാത്രമേ കംപ്ട്രോളർ നോക്കിയിട്ടുള്ളൂ.

കംപ്ട്രോളറുടെ റിപ്പോർട്ട് ഗവർമ്മേണ്ടിനെ വിമർശിക്കുന്ന ഒന്നാണെന്ന ആക്ഷേപത്തിന്നും വിനോദ് റായ് മറുപടി പറഞ്ഞു. എക്സിക്യൂട്ടീവിന്നും ഓഡിറ്റർക്കും തമ്മിൽ വിമർശനാത്മകമായ ഒരു ബന്ധമാണ് കല്പിക്കപ്പെട്ടിട്ടുള്ളതെന്ന് റായി ചൂണ്ടിക്കാട്ടി. ഒരു മന്ത്രിയുടെ സത്യപ്രതിജ്ഞാ വാചകവും കംപ്ട്രോളറുടെ സത്യപ്രതിജ്ഞാ വാചകവും തമ്മിലുള്ള വ്യത്യാസം റായ് ചൂണ്ടിക്കാട്ടി. ഭരണഘടനയനുസരിച്ചും നിയമമനുസരിച്ചും എല്ലാവരോടും ശരിയായ വിധം പ്രവർത്തിക്കാമെന്നാണ് മന്ത്രി പ്രതിജ്ഞ ചെയ്യേണ്ടത്. തന്റെ കഴിവ

# കംപ്ട്രോളർ: ആറു ചോദ്യങ്ങളും ഉത്തരങ്ങളും

**- രാമസ്വാമി ആർ. അയ്യർ -**

**കം**പ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിനെ അവഹേളിക്കാൻ നിരന്തരം നടന്നു വരുന്ന പ്രചരണങ്ങൾ തുടരുകയാണ്. അതിൽ അത്ഭുതപ്പെടാനില്ല. മുമ്പും ഇങ്ങനെയൊക്കെയുണ്ടായിട്ടുണ്ട്. ബോഫേഴ്സ് കേസ് ഓർമ്മയില്ലേ. എന്നാൽ മാധ്യമങ്ങളിൽ ചിലതും ഇതിൽ ഉൾപ്പെട്ടുപോയിട്ടുണ്ടെന്നത് നിരാശാവഹമാണ്. അതിനാൽ ചില തെറ്റുധാരണകളും സംശയങ്ങളും ദൂരീകരിക്കേണ്ടത് അത്യാവശ്യമായിരിക്കുന്നു. അതൊരു ചോദ്യോത്തര രീതിയിൽ ഇവിടെ അവതരിപ്പിക്കാം.

ചോദ്യം1:

പാർലിമെന്ററി കമ്മിറ്റി കംപ്ട്രോളറെ വിളിച്ചുവരുത്തി ചോദ്യം ചയ്യുകയുണ്ടായോ?

അങ്ങനെ എന്തെങ്കിലും ഉണ്ടായിട്ടുണ്ടെങ്കിൽ അത് ഇന്ത്യൻ ചീഫ് ജസ്റ്റീസിനെ വിളിച്ചുവരുത്തി ചോദ്യം ചെയ്യുന്നതിന്ന് സമമായിരിക്കും. അതു സംഭവിക്കാവുന്ന ഒന്നല്ല. സംഭവിച്ചിട്ടുണ്ടാകാനും ഇടയില്ല. പാർലിമെന്ററി കമ്മിറ്റിക്ക് മനസ്സിലാകാത്ത ചില കാര്യങ്ങൾ വന്നിട്ടുണ്ടാകാം. കംപ്ട്രോളർ അത് വിശദീകരിച്ചു കൊടുത്തിട്ടുണ്ടാകാം. അത് ചോദ്യോത്തര രീതിയിലാകാനേ നിവൃത്തിയുള്ളൂ. പബ്ലിക് എക്കൗണ്ട് കമ്മിറ്റിയുടെ കാര്യത്തിൽ വിശദീകരണം നൽകാൻ കംപ്ട്രോളർ ബാധ്യസ്ഥനാണ്. കാരണം കംപ്ട്രോളർ പബ്ലിക് എക്കൗണ്ട് കമ്മിറ്റിയുടെ ഒരു ഭാഗമാണ്.

ചോദ്യം2:

കംപ്ട്രോളറുടെ കണക്കുകളേയും നിഗമനങ്ങളേയും ചോദ്യം ചെയ്യാവുന്നതാണോ?

മറ്റേതൊരു സ്ഥാപനത്തിനുമെന്ന പോലെ കംപ്രട്രോളർക്കും തെറ്റുപറ്റാം. അതിനാൽ കംപ്ട്രോളറുടെ കണക്കുകളേയും ചോദ്യം ചെയ്യാം. സുപ്രീം കോടതിയുടെ വിധിയെപ്പോലും ചോദ്യം ചെയ്യാമെന്നിരിക്കെ കംപ്ട്രോളറുടെ നിഗമനങ്ങളെ ചോദ്യം ചെയ്യുന്നതിൽ ഒരു തെറ്റുമില്ല.

ചോദ്യം 3

കംപ്ട്രോളർക്ക് "സംഭവ്യ നഷ്ടം" കണക്കാക്കാൻ അവകാശമുണ്ടോ?

ഒരു കേസിൽ തീരുമാനങ്ങൾ അഥവാ നടപടിക്രമങ്ങളിൽ പ്രഥമ ദൃഷ്ട്യാ തെറ്റുണ്ടെന്നു കാണുകയും ധനപരമായ നഷ്ടത്തിന്ന് തെളിവൊന്നുമില്ലാതിരിക്കുകയും ചെയ്താൽ, ധന നഷ്ടം കണക്കാക്കാൻ രണ്ടു മാർഗ്ഗങ്ങളേയുള്ളൂ: ഇടപാടിൽ നഷ്ടം സംഭവിച്ചിട്ടുണ്ടെന്നു മാത്രം പറഞ്ഞ് നിർത്തുക; അതല്ലെങ്കിൽ സംഭവിച്ചിരിക്കാവുന്ന നഷ്ടത്തിന്റെ ഒരു മതിപ്പു കണക്ക് പറയുക. ആദ്യം പറഞ്ഞ രീതി അവലംബിച്ചാൽ പാർലിമെന്റിനോ ജനങ്ങൾക്കോ ഒന്നും മനസ്സിലാവില്ല. വെറുതെ നഷ്ടം വന്നിട്ടുണ്ടെന്നു പറഞ്ഞാൽ അത് ഒരു രൂപയുടെ നഷ്ടമാകാം; ഒരു കോടി രൂപയുടെ നഷ്ടവുമാകാം; രണ്ടാമത്തെ രീതി അവലംബിച്ചാൽ നഷ്ടം എത്രത്തോളം വന്നിട്ടുണ്ടാകാം എന്ന് ഊഹിച്ച് പ്രശ്നത്തെ ഗൗരവപൂർവ്വം കൈകാര്യം ചെയ്യാം. അതിന്നാണ് സംഭവ്യ നഷ്ടത്തിന്റെ കണക്ക് കൊടുക്കുന്നത്.

ചോദ്യം4:

കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ ഓഫീസിൽ അഭിപ്രായ വ്യത്യാസങ്ങളുണ്ടായിരുന്നു എന്നു പറയുന്നത് ശരിയാണോ? ഉണ്ടായിരുന്നുവെങ്കിൽ ഓഡിറ്റ് ഡയറക്ടർ ജനറലിന്റെ അഭിപ്രായത്തിന്നു വിരുദ്ധമായി കംപ്ട്രോളർക്ക് എഴുതാൻ അധികാരമുണ്ടോ?

ഏത് ഉദ്യോഗസ്ഥന്റെ ഓഫീസിലായാലും കീഴുദ്യോഗസ്ഥൻ എഴുതിയതിനെ മേലുദ്യോഗസ്ഥൻ പരിശോധിച്ച് തെറ്റു തിരുത്തുകയോ മാറ്റിയെഴുതുകയോ ചെയ്യും. അതിൽ അസാധാരണമായി ഒന്നുമില്ല.

ഇന്ത്യൻ ഭരണഘടന പ്രകാരം ഇന്ത്യയിൽ ഒരൊറ്റ ക്പ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലേ ഉള്ളൂ. ഡയറക്ടർ ജനറൽമാർക്കും എക്കൗണ്ടന്റ്സ് ജനറൽമാർക്കും മറ്റെല്ലാ ഓഡിറ്റ് വിഭാഗങ്ങൾക്കും അധികാരസ്ഥാനം കൈവരുന്നത് ഈ ഒരൊറ്റ കംപ്ട്രോളർ ആൻഡ് ഓഡിറ്ററിൽനിന്നാണ്. ഓഡിറ്റ് ഡയറക്ടർ ജനറൽ എന്തെങ്കിലും എഴുതിവച്ചത് കംപ്ട്രോളർ തിരുത്തുകയാണെങ്കിൽ അത് തീർത്തും അദ്ദേഹത്തിന്റെ അധികാര പരിധിയിൽപെട്ട കാര്യമാണ്. ഓഡിറ്റ് ഡയറക്ടർ ജനറൽ എഴുതിവച്ച ഒരു സംഖ്യ തിരുത്തുകയോ ഓഡിറ്റ് ഡയറക്ടർ ജനറലിന്ന് എന്തെങ്കിലും നിർദ്ദേശം നൽകുകയോ ചെയ്തിട്ടുണ്ടെങ്കിൽ, അത് അദ്ദേഹത്തിന്റെ അധികാര പരിധിയിൽ പെട്ടതാണെന്നു മാത്രമല്ല ഉത്തരവാദിത്വവുമാണ്. (2ജി കേസിൽ ഡയറക്ടർ ജനറൽ 2000 കോടി രൂപ മാത്രം നഷ്ടം കണക്കാക്കിയപ്പോൾ കംപ്ട്രോളർ അത് 1,76,000 കോടിയാക്കി മാറ്റി എന്ന് കോൺഗ്രസ്സുകാർ ഒരു പരാതി പറഞ്ഞു നടക്കുന്നുണ്ട്. അതാണിവിടെ സൂചിപ്പിക്കുന്നത്.)

കേസേതായാലും ശരി, ഓഡിറ്റ് നടത്തുനുസരിച്ചും അറിവനുസരിച്ചും ന്യായാന്യായ വിവേചനമനുസരിച്ചും എല്പിച്ച ചുമതലകൾ നിറവേറ്റുമെന്നാണ് കംപ്ട്രോളർ പ്രത്ജ്ഞ ചെയ്യേണ്ടതെന്ന് റായ് ഓർമ്മിപ്പിച്ചു.

2-ജി കുംഭകോണം സംബന്ധിച്ച കേസിൽ കംപ്ട്രോളർ ആൻജ് ഓഡിറ്റർ ജനറലിന്റെ സ്ഥാനത്തെ ദുർബ്ബലപ്പെടുത്താൻ രാഷ്ട്രീയക്കാർ നിരന്തരം നടത്തിവരുന്ന ശ്രമത്തിൽ ഇന്ത്യയിലെ ഉദ്യോഗസ്ഥ പ്രമുഖരായവരിൽ ഇരുപതുപേർ ഉൽക്കണ്ഠ പ്രകടിപ്പിച്ചു.

"പാർലിമെന്ററി ജനാധിപത്യത്തിന്റെ മർമ്മം സ്ഥിതി ചെയ്യുന്നത് എക്സിക്യൂട്ടീവിന്ന് പാർലിമെന്ററിനോടുള്ള ധനപരമായ ഉത്തരവാദിത്വമാണ്. ആ ഉത്തരവാദിത്വത്തിന്ന് ഉറപ്പു വരുത്തുന്നത് കംപ്ട്രോളർ ആൻഡ് ഓഡിറ്റർ മുഖേനയുമാണ്. കംപ്ട്രോളറുടെ പദവിയെ താഴ്ത്തി കെട്ടാനുള്ള ശ്രമത്തെ ഞങ്ങൾ അപലപിക്കുന്നു". എന്ന് 20 പേർ ചേർന്നിറക്കിയ പ്രസ്താവനയിൽ പറയുന്നു.

എക്സിക്യൂട്ടീവിന്ന് പാർലിമെന്റിനോടുള്ള ഉത്തരവാദിത്വം പ്രയോഗത്തിൽ വരുത്താനുള്ള ചുമതല പബ്ലിക് എക്കൗണ്ട്സ് കമ്മിറ്റിക്കാണ്. ആ കമ്മിറ്റിതന്നെ ഭരണപക്ഷത്തും പ്രതിപക്ഷത്തുമായി ചേരിപിടിക്കുന്ന കാഴ്ചയാണിവിടെ കാണുന്നത്. ഇതിന്റെ ഫലം നിരുത്തരവാദിത്വമാണ്. ഉത്തരവാദിത്വം നിർണ്ണയിക്കേണ്ട കംപ്ട്രോളറുടെ പദവിയെ പബ്ലിക് എക്കൗണ്ട്സ് കമ്മിറ്റി എന്നും ബഹുമാനാദരങ്ങളോടെയാണ് വീക്ഷിക്കാറുള്ളത്. എന്നാൽ ഇപ്പോൾ ആ കംപ്ട്രോളറെ ഒരു സാക്ഷിയെന്നോണം വിളിച്ചുവരുത്തി ചോദ്യം ചെയ്യുന്ന കാഴ്ചയാണ് കാണുന്നത്. ഓഡിറ്റ് ഡിപ്പാർട്ടുമെന്റിലെ ഒരു ഉദ്യോഗസ്ഥൻ പറഞ്ഞ കണക്കുംവച്ചാണ് കംപ്ട്രോളറെ ഇവർ ചോദ്യം ചെയ്യുന്നത്.

ജലസേചനമന്ത്രി കാര്യാലയത്തിലെ സെക്രട്ടറിയായിരുന്ന രാമസ്വാമി അയ്യർ മുതൽ പബ്ലിക് ഓഡിറ്റേഴ്സ് ഇൻസ്റ്റിട്യൂട്ടിലെ അംഗങ്ങൾവരെ പ്രമുഖരായ ഇരുപതു പേരാണ് ഈ പ്രസ്താവനയിൽ ഒപ്പിട്ടിരിക്കുന്നത്. ❑

# ഡാം 999: തനി ബ്ലഫ്

തമിഴ്നാട് ഗവർമ്മേണ്ടിന്റെ നിരോധനമുണ്ടായിട്ടും തമിഴിനാടിന് പുറത്ത് 550 തിയറ്ററുകളിൽ ഡാം 999 നവമ്പർ 25 വെള്ളിയാഴ്ച മുതൽ പ്രദർശനമാരംഭിച്ചു. മുല്ലപ്പെരിയാർ അണക്കെട്ടിന്റെ അപകടാവസ്ഥയിലേക്ക് വിരൽ ചൂണ്ടുന്ന ഒന്നാണ് തലക്കെട്ട്.

ഒരു അണക്കെട്ടു തകരുന്നു. കുത്തിയൊഴുകുന്ന ജലപ്രവാഹത്തിൽപെട്ട് ആയിരക്കണക്കിനാളുകൽ ഒഴുകിപ്പോകുന്നു. നാടും നഗരവുമെല്ലാം മലവെള്ളത്തിൽ നശിച്ചു പോകുന്നു- ഇതാണ് ഡാം 999 കഥാവിഷയം. ഈ സിനിമ മുല്ലപ്പെരിയാറിനെക്കുറിച്ചുള്ളതാണെന്നതായിരുന്നു തമിഴ്നാടിന്റെ പരാതി.

കേരളത്തിലെ 50 തിയ്യറ്ററുകളിൽ ഇത് വെള്ളിയാഴ്ച പ്രദർശിപ്പിച്ചപ്പോൾ ഗൾഫിലെ യു.എ.ഇ. യിൽ വ്യാഴാഴ്ച തന്നെ പ്രദർശനമാരംഭിച്ചു; സിങ്കപ്പൂരിൽ ശനിയാഴ്ചയും. തമിഴ്നാട്ടിൽ രാഷ്ട്രീയ സമ്മർദ്ദം മൂലം ഇതിന്റെ പ്രദർശനം നിരോധിച്ചിരിക്കുകയാണ്. മുല്ലപ്പെരിയാൽ ജലസംഭരണിക്കുവേണ്ട സ്ഥലം ബ്രിട്ടീഷ് ഭരണകാലത്ത് 999 കൊല്ലത്തേക്ക് പാട്ടത്തിന്നു കൊടുത്തിരിക്കുകയാണ് .

അണക്കെട്ട് ദുർബ്ബലമാണെന്നും അതിൽ വിള്ളൽ വീണിട്ടുണ്ടെന്നും ഒരു ഭൂകമ്പമെങ്ങാനും ഉണ്ടായാൽ അണക്കെട്ടു തകരുമെന്നുമാണ് കേരളം വാദി ➡

ക്കുന്നത്. മുല്ലപ്പെരിയാർ അണക്കെട്ടിന്നു പകരം മറ്റൊന്ന് നിർമ്മിക്കാമെന്ന് കേരളം പറയുന്നു.

ഈ ഫിലിം പ്രദർശിപ്പിച്ചാൽ കേരളവും തമിഴ്നാടും തമ്മിലുള്ള സൗഹൃദം തകരുമെന്നും അതൊരു ക്രമസമാധാന പ്രശ്നമായി മാറുമെന്നും തമിഴ്നാട് വാദിക്കുന്നു.

തമിഴ്നാട് ഗവർമ്മേണ്ടിന്റെ നിരോധനത്തിന്നെതിരെ സുപ്രിം കോടതിയെ സമീപിക്കാൻ തൽക്കാലം ഉദ്ദേശിക്കുന്നില്ലെന്ന് ഫിലിമിന്റെ ഡയറക്ടറായ സോഹൻ റോയ് തിരുവനന്തപുരം പ്രസ് ക്ലബ്ബിൽ ഒരു ചോദ്യത്തിന്നു മറുപടിയായി പറഞ്ഞു. ഒരാഴ്ച കഴിയുമ്പോൾ തമിഴ്നാട് തന്നെ നിരോധനം പിൻവലിക്കുമെന്ന് അദ്ദേഹം ആശ പ്രകടിപ്പിച്ചു.

ഫിലിം കാണാത്തവരാണ് അതിനെ എതിർക്കുന്നത്. സെൻസർ ബോർഡ് രണ്ടു തവണ ഫിലിം പരിശോധിച്ചിട്ടുണ്ട്. തടസ്സവാദം ഉന്നയിക്കാൻ അതിൽ ഒന്നുംതന്നെയില്ല. തമിഴ്നാട് ഗവർമ്മേണ്ടിനെ കാര്യം ബോധ്യപ്പെടുത്താൻ തങ്ങൾ ആവുന്നതെല്ലാം ചെയ്തിട്ടുണ്ട്. മുല്ലപ്പെരിയാറിനെക്കുറിച്ച് ഒരു പരാമർശം പോലും ഫിലിമിലില്ലെന്ന് സോഹൻ റോയ് പറഞ്ഞു.

ചീനാ തലസ്ഥാനമായ ബീജിങ്ങിന്റെ തെക്കു ഭാഗത്ത് ആയിരം കിലോമീറ്റർ ദൂരെയുള്ള സുമാദിയൽ എന്ന സ്ഥലത്ത് 1975ൽ ബാൻഖിയാവോ ജലസംഭരണി തകരുകയുണ്ടായി. ആ അപകടത്തിൽ മരിച്ചവർക്കുവേണ്ടി സമർപ്പിതമായ ഒന്നാണ് ഡാം 999 എന്ന് അതിൽതന്നെ വ്യക്തമാക്കിയിട്ടുണ്ട്. ഫിലിമിലെ അണക്കെട്ട് തകർച്ചയുണ്ടായത് 9-9-09 ന്നാണ്. അതാണ് 999 എന്ന പേരു നൽകാൻ കാരണം. അതല്ലാതെ മുല്ലപ്പെരിയാർ പാട്ടക്കരാറിനെക്കുറിച്ചല്ല.

ഫിലിം ഏതു പ്രദേശത്തു പ്രദർശിപ്പിച്ചാലും അതിന്നനുയോജ്യമാകണം എന്ന ഉദ്യോശത്തോടെയാണ് സ്ക്രിപ്റ്റ് തയ്യാറാക്കിയത്. ഈ ഫിലിം ഏതു ഭാഷയിലുമെടുക്കാം. ഞങ്ങൾ മുമ്പ് മുല്ലപ്പെരിയാറിനെക്കുറിച്ച് ഒരു ഡേക്യുമെന്ററി തയ്യാറാക്കിയിരുന്നു. അതിന്റെ അടിസ്ഥാനത്തിലുള്ളതാകും ഡാം 999 എന്ന മുൻവിധിയാകണം ഈ എതിർപ്പിന്നു കാരണം.

അണക്കെട്ടിന്റെ തകർച്ച ഫിലിമിന്റെ ചെറിയൊരു ഭാഗം മാത്രമാണ്. "സ്ലം ഡോഗ് മില്യനയർ" പ്രദർശിപ്പിച്ചതോടെ ഇന്ത്യയെ ചേരികളുടെ നാടായി ലോകം കാണാൻ തുടങ്ങി. ഡാം 999 ഇന്ത്യയുടെ പാരമ്പര്യങ്ങളെ അവതരിപ്പിക്കുന്നു- ആയുർവ്വേദത്തിന്റെ, ജ്യോതിഷത്തിന്റെ, സംഗീതത്തിന്റെ, സംസ്കാരത്തിന്റെ, കുടുംബ ബന്ധങ്ങളുടെ നാടായി ഇന്ത്യയെ ഇത വതരിപ്പിക്കുന്നു. അതേസമയം അഴിമതിയുടെ ഭീകരതയും പഴയ അണക്കെട്ടുകളുടെ ആപത്തും കാണിക്കുന്നുണ്ട്.

ഈ ഫിലിമിന്ന് തമിഴ്നാട് ഏർപ്പെടുത്തിയ നിരോധനം ഫിലിമിന്ന് കൂടുതൽ പ്രചാരമുണ്ടാക്കുക മാത്രമേ ചെയ്തിട്ടുള്ളൂ. ഈ നിരോധനത്തോടെ മുല്ലപ്പെരിയാർ ഒരു ജനകീയ പ്രശ്നമായി. മുല്ലപ്പെരിയാറിനെക്കുറിച്ച് ഒരിക്കലും ചിന്തിക്കാത്തവർ പോലും അത് ചിന്താവിഷയമാക്കി.

ഒരു കോടി ഡോളർ ചെലവാക്കി നിർമ്മിച്ച ഈ 3ഡി ചിത്രത്തിന്റെ നിർമ്മാതാക്കൾ വാർണർ ബ്രദേഴ്സാണ്. 200 രാജ്യങ്ങളിൽ ഇതിന്ന് ടെലിവിഷൻ അവകാശമുണ്ട്.

കാതലില്ലാത്ത തനി ബ്ലഫ് എന്ന് ഈ ഫിലിമിനെപ്പറ്റി പറയാം. മുല്ലപ്പെരിയാർ അണക്കെട്ടിൽ കുറച്ചേ ചോർച്ചയുള്ളൂ. സോഹന്റെ അണക്കെട്ടിൽ ഒരു തുള്ളി വെള്ളം പോലുമില്ല. ❑

---

മ്പോൾ അനേകം ഘട്ടങ്ങളെ തരണം ചെയ്യേണ്ടതുണ്ട്. ഈ തടസ്സ വാദങ്ങൾ ഓഡിറ്റ് വിഭാഗത്തിന്നകത്താകാം ഓഡിറ്റർമാരും വകുപ്പിലെ ഉദ്യോഗസ്ഥന്മാർ തമ്മിലുമാകാം. ഓഡിറ്റിങ്ങിന്ന് വിധേയമാകുന്ന വകുപ്പിലുള്ളവർക്ക് പല ചോദ്യങ്ങളും ലഭിച്ചേക്കും; അവർ നൽകുന്ന മറുപടിയും വിശദീകരണവും പരിഗണനീയമാകും. കംപ്ട്രോളറുടെ ഫീൽ ഓഫീസും ആസ്ഥാന മന്ദിരവും തമ്മിലും കത്തിടപാടുകൾ നടക്കും. ഓഡിറ്റ് റിപ്പോർട്ടിൽ പറയുന്ന കാര്യങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്താൻ വളരെ കരുതലോടെ പ്രവർത്തിക്കാറുണ്ട്. അവസാന തീരുമാനം കംപ്ട്രോളറുടേതാണ്.

ചോദ്യം 5:

പബ്ലിക് എക്കൗണ്ട്സ് കമ്മിറ്റിയുടെ ചെയർമാൻ 2-ജി ഓഡിറ്റ് എത്രത്തോളമായി എന്നന്വേഷിച്ചുകൊണ്ട് കംപ്ട്രോളറുടെ ഓഫീസിലേക്ക് എഴുതുകയോ ഫോൺ ചെയ്യുകയോ ഉണ്ടായോ?

ഉണ്ടായെങ്കിൽ, അതൊരുതരം സമ്മർദ്ദം ചെലുത്തലല്ലേ?

അത്യസാധാരണമായൊരു കുറ്റാരോപണമാണിത്. കംപ്ട്രോളറുടെ ഓഫീസും പബ്ലിക് എക്കൗണ്ട്സ് കമ്മിറ്റിയുടെ ഓഫീസും തമ്മിൽ വളരെ അടുത്ത പ്രവർത്തന ബന്ധമാണുള്ളത്. അവർ തമ്മിൽ ഫോൺ ചെയ്യുന്നതും കത്തയക്കുന്നതും സർവ്വസാധാരണമാണ്. ഏതെങ്കിലും വിഷയം സംബന്ധിച്ചുള്ള ഓഡിറ്റ് റിപ്പോർട്ട് എന്നേക്ക് കിട്ടും എന്നു ചോദിക്കുന്നതു അനുചിതമാണോ? അത് സമ്മർദ്ദം ചെലുത്തലാണോ? അതുപോകട്ടെ, കംപ്ട്രോളറുടെ മേൽ പബ്ലിക് എക്കൗണ്ട്സ് കമ്മിറ്റിക്ക് എന്തു സമ്മർദ്ദമാണ് ചെലുത്താൻ കഴിയുക? കംപ്ട്രോളറുടേത് ഒരു സ്വതന്ത്ര പദവിയാണ്. പബ്ലിക് എക്കൗണ്ട്സ് കമ്മിറ്റിക്ക് അവിടെ എന്തു ചെയ്യാൻ കഴിയും?

ചോദ്യം 6:

കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്ന് ആർ. എസ്. എസ്സുമായി ബന്ധമുണ്ടോ?

ഇതൊരു കരിതേക്കൽ പ്രസ്ഥാനമാണ്. ഇതിനെ അവജ്ഞയോടെ തള്ളിക്കളയാനേ പറ്റൂ.

("ഹിന്ദു"വിൽനിന്ന് സംഗ്രഹിച്ചത്.) ❑

# കൂടംകുളത്തെ ഒരു തരത്തിലും ന്യായീകരിക്കാനാവില്ല

**- സുവ്രത രാജു, എം.വി. രമണ -**

കൂടംകുളത്തെ അണുനിലയത്തിന്റെ പ്രവർത്തനത്തെ തദ്ദേശീയ ജനത പാടെ ചെറുത്തു നിൽപാണ്. അണുനിലയത്തെ ന്യായീകരിച്ചുകൊണ്ടുള്ള അധികൃതരുടെ പ്രസ്താവനകളും തുടർന്നുകൊണ്ടിരിക്കുന്നു. ഇരുപക്ഷവും വിട്ടുവീഴ്ചയില്ലാത്ത നിലപാടിലാണ്. ഈ എതിർപ്പിനെല്ലാം പിന്നിൽ വിദേശ കൈകളാണെന്ന് അണുനിലയ കോർപറേഷന്റെ മേധാവി ആരോപിക്കുന്നു. അണുനിലയം 100 ശതമാനവും സുരക്ഷിതമാണെന്ന് മുൻ രാഷ്ട്രപതി ഡോ. അബ്ദുൾകലാം ജനങ്ങൾക്ക് ഉറപ്പുനൽകുന്നുണ്ട്. ഇതു സംബന്ധിച്ച് അദ്ദേഹം "ഹിന്ദു"വിൽ ഒരു ലേഖനം തന്നെ പ്രസിദ്ധീകരിക്കുകയുണ്ടായി. ആധുനികതയിലേക്കും സമ്പദ് സമൃദ്ധിയിലേക്കുമുള്ള ടിക്കറ്റ് എന്നാണദ്ദേഹം അണുശക്തിയെ വിശേഷിപ്പിച്ചിരിക്കുന്നത്.

ഇത് പുതിയ അവകാശവാദമല്ല. ദശകങ്ങൾക്കുമുമ്പേയുള്ള അവകാശവാദമാണിത്. ഉദാഹരണത്തിന് ജവഹർലാൽ നെഹ്റു. അണുശക്തി വിപ്ലവത്തെ അദ്ദേഹം വ്യവസായ വിപ്ലവത്തോടാണ് താരതമ്യപ്പെടുത്തിയത്. "അതുമായി നിങ്ങൾക്ക് മുന്നോട്ടു പോകാം. അല്ലെങ്കിൽ നിങ്ങൾ ക്രമത്തിൽ പിൻതള്ളപ്പെടും എന്നാണദ്ദേഹം പറയുന്നത്. എന്നാൽ കഴിഞ്ഞ അര നൂറ്റാണ്ടുകാലത്തെ സ്ഥിതി നോക്കിയാൽ അണുശക്തിക്ക് അതിന്റെ വാഗ്ദത്തം പോലെ മുന്നോട്ടു പാകാനായിട്ടില്ല. പുരോഗതിക്കും സാമ്പത്തിക വിജയത്തിന്നും അണുശക്തി വേണമെന്നത് ഇന്നൊരു മിഥ്യയായി തീർന്നിരിക്കുന്നു.

### ഉല്പാദന ലക്ഷ്യവും യാഥാർത്ഥ്യവും

അണുശക്തി സംബന്ധിച്ച് ഇന്ത്യയിലുണ്ടായിരുന്ന ആശകൾ വിലയിരുത്തേണ്ട സ്ഥിതിയാണിന്ന്. അണുശക്തി വകുപ്പ് വലിയ വലിയ വാഗ്ദത്തങ്ങൾ നൽകാറുണ്ട്. അണു വൈദ്യുതി മറ്റെല്ലാറ്റിനേയും കവച്ചുവയ്ക്കുമെന്നാണ് പറയാറുള്ളത്. പക്ഷെ ഒരിക്കലും ഒരു ലക്ഷ്യത്തിലും എത്താറില്ല. രണ്ടായിരാമാണ്ട് ആകുമ്പോഴേക്കും 43,500 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുമെന്നാണ് 1970 കളിൽ പറയാറുള്ളത്. എന്നാൽ യഥാർത്ഥത്തിൽ ഉല്പാദിപ്പിക്കാൻ കഴിഞ്ഞത് 2720 മെഗാവാട്ട് മാത്രമാണ്. ഇന്ത്യയിലെ മൊത്തം വൈദ്യുതോൽപാദനത്തിന്റെ മൂന്നുശതമാനത്തോളം മാത്രമാണ് അണുവൈദ്യുതി. ഇത്രയും അണുവൈദ്യുതി ഉല്പാദിപ്പിച്ചുവെങ്കിൽതന്നെ അതിന്റെ ഉല്പാദനച്ചെലവ് ഭീകരമാണ്. സർക്കാരിൽനിന്ന് കണക്കില്ലാതെ ധനസഹായവും അളവറ്റ രാഷ്ട്രീയ പിൻബലവും കിട്ടിയിട്ടും ഇതാണ് കഥ. ഇതൊക്കെവച്ചുനോക്കുമ്പോൾ അണുവൈദ്യുതിയെന്നത് തികഞ്ഞൊരു പരാജയമാണ്.

### തോറിയം കഥ

വാഗ്ദത്തത്തിന്റെ അടുത്തെങ്ങാനും എത്താൻ കഴിയാത്ത ഒന്നാണ് തോറിയം സംബന്ധിച്ച കഥ. അണുവൈദ്യുതി ഉല്പാദനത്തിന്നാവശ്യമായ തോറിയം ഉല്പാദന പരിപാടി വല്ലാതെ പാളിപ്പോയിട്ടുണ്ടെങ്കിലും പതിനഞ്ചു കൊല്ലത്തിന്നകം ഇന്ത്യ തോറിയം റിയാക്ടറുകൾ നിർമ്മിച്ചു തുടങ്ങുമെന്ന് ഇന്ത്യൻ അണുശക്തി കമ്മീഷൻ 1970ൽ പ്രഖ്യാപിച്ചിരുന്നു. ഈ പ്രഖ്യാപനം വന്നിട്ടിപ്പോൾ കൊല്ലം 40 കഴിഞ്ഞു. ഒരു തോറിയം റിയാക്ടർ പോലും ഇനിയും നിർമ്മിക്കാൻ ഇന്ത്യക്ക് കഴിഞ്ഞിട്ടില്ല. തോറിയം കൊണ്ട് വൈദ്യുതി ഉല്പാദിപ്പിക്കാൻ ഇനിയും അനേകം വൈതരണികൾ മറികടക്കേണ്ടതുണ്ട്.

വൈദ്യുതോല്പാദനത്തിന് യുറേനിയം നേരിട്ട് ഉപയോഗിക്കാം. പക്ഷെ ഇന്ത്യയിൽ വളരെ കുറച്ച് യുറേനിയമേ കിട്ടാനുള്ളൂ. എന്നാൽ തോറിയത്തിന്റെ കഥ അതല്ല. തോറിയം ധാരാളമുണ്ട് പക്ഷെ വൈദ്യുതോല്പാദനത്തിന് തോറിയം നേരിട്ടുപയോഗിക്കാനാവില്ല. ആദ്യംതന്നെ ഒരു അണു റിയാക്ടറിൽ സമ്പുഷ്ടീകരിക്കണം. പലവിധ കാരണങ്ങളാൽ മിക്ക രാജ്യങ്ങളും തോറിയം പദ്ധതി ഉപേക്ഷിച്ചിരിക്കുകയാണ്. ഇന്ത്യ മാത്രമേ തോറിയം പദ്ധതിയുമായി മുന്നോട്ടു പോകുന്നുള്ളൂ.

ഈയിടെ ഇന്ത്യയും അമേരിക്കയും തമ്മിൽ ഒരു അണുശക്തി കരാറുണ്ടാക്കി. അണുവൈദ്യുതിയിലൂടെയുള്ള ഇന്ത്യയുടെ മുന്നേറ്റത്തിന് അതോടെ വീണ്ടും ചിറക് മുളച്ചതായിരുന്നു. ഇന്ത്യൻ വിദേശ നയത്തിന് അതൊരു പാശ്ചാത്യ മുഖഛായയുമുണ്ടാക്കി. മൻമോഹൻ ഗവർമ്മേണ്ടിന്റെ വലിയ നേട്ടമായിട്ടാണ് ഈ കരാർ കണക്കാക്കപ്പെട്ടത്. ബുഷ് ഭരണകൂടത്തിന്റെ പ്രധാന ഉപദേഷ്ടാക്കളിലൊരാളായ ആഷ്ലെ ടെല്ലിസിന്റെ ഭാഷയിൽ പറഞ്ഞാൽ "ഇന്ത്യയുമായി പൂർണ്ണവും ഉല്പാദനക്ഷമവുമായൊരു പങ്കാളിത്തത്തിന്ന്" അത് വഴി തുറന്നു. പക്ഷെ ഈ ബന്ധം സമന്മാർ തമ്മിലുള്ള ഒരു ബന്ധമല്ല. ഇന്ത്യ വേഗംതന്നെ അമേരിക്കൻ ലൈനിലെത്തി. അന്താരാഷ്ട്ര അണുശക്തി ഏജൻസിയുടെ രണ്ടു യോഗങ്ങളിൽ ഇന്ത്യ അമേരിക്കൻ ചേരിക്കുവേണ്ടി വോട്ടു ചെയ്തു.

ഈ "പങ്കാളിത്തം" ശക്തിപ്പെടുത്താൻ ഉദാരമായ സംഭാവന നൽകാനും ഇന്ത്യ തയ്യാറായിട്ടുണ്ട്. ഇന്ത്യക്കുവേണ്ട ഊർജ്ജം പ്രദാനം ചെയ്യാൻ പ്രാപ്തമായ ഇറാൻ-പാക്കിസ്താൻ-ഇന്ത്യ ഊർജ്ജ കരാറിനെ ഇന്ത്യ അട്ടിമറിച്ചു. അതിന്നും പുറമെ അമേരിക്കയിൽനിന്ന് കോടിക്കണക്കിന് ഡോളർ വിലവരുന്ന അണുനിലയങ്ങളും ഇറക്കുമതി ചെയ്യേണ്ടിവരും. ഈ ഇറക്കുമതികളും കച്ചവടങ്ങളുമാണ് പുതുയുഗ സാമ്രാജ്യത്വ അടിമത്തം.

### ജനങ്ങളുടെ അശങ്കകൾ

അപ്പോൾ "വിദേശീയ കൈകൾക്ക്" പിന്നിൽ പ്രവർത്തിക്കുന്നത് ജനകീയ പ്രക്ഷോഭണങ്ങളല്ല, വിദേശ നയവും വിദേശ കച്ചവടങ്ങളുമാണെന്നുവരുന്നു. അണു നിലയങ്ങൾ സ്ഥാപിക്കാൻ നിർദ്ദിഷ്ടമായ ഓരോ സ്ഥലത്തും പ്രതിഷേധ പ്രകടനങ്ങൾ നടന്നുവരുന്നുണ്ട്. ജനങ്ങളുടെ ആശങ്കകൾക്ക് പരിഹാരമുണ്ടാക്കാൻ ആർക്കും കഴിയുന്നില്ല. അതിലാർക്കും താല്പര്യം കാണുന്നില്ല. ഇത്തരമൊരു നയത്തിന്റെ ആത്യന്തിക ഫലം കണ്ടു തുടങ്ങിയിട്ടുണ്ട്. അതിൽ പ്രധാനമാണ് കൂടംകുളം. ഗ്രാമീണർ ആദ്യം മുതൽക്കേ പദ്ധതിക്കെതിരായിരുന്നു. അവരെ പരിഹസിക്കുകയും അവഹേളിക്കുകയും ചെയ്തതിന്റെ ഫലമായി എതിർപ്പ് വ്യാപകമായി. കൂടംകുളം പദ്ധതിക്കായി ഇതുവരെ ചെലവഴിച്ച പണം പാഴാകാൻ പോകുകയാണ്. ഇത് ജനങ്ങളുടെ പിടിവാശിമൂലമല്ല ഗവർമ്മേണ്ടിന്റെ അശ്രദ്ധമൂലമാണ്.

ഇത്തരമൊരു പദ്ധതി തങ്ങളുടെ മുറ്റത്ത് കൊണ്ടുവന്നു വയ്ക്കുന്നതിൽ ആശങ്കപ്പെടാൻ ജനങ്ങൾക്കവകാശമുണ്ട്. അണുനിലയത്തിന്ന് എന്തെങ്കിലും അപകടം സംഭവിച്ചാൽ, അതിന്റെ വിപത്ത് വ്യാപകമായിരിക്കും ജപ്പാനിലെ ഫുക്കുഷിമയിൽ ഈയിടെയു

ണ്ടായ അപകടത്തിന്റെ പ്രത്യാഘാതം എത്രകാലം നിലനിൽക്കുമെന്ന് നമുക്കറിയില്ല; ദീർഘകാലംകൊണ്ടേ അതറിയൂ. റഷ്യയിലെ ചെർണോബിൽ 57 പേരേ മരിച്ചുള്ളൂ എന്ന് ചില വദഗ്ധർ പറയുന്നുണ്ടെങ്കിലും ലോകാരോഗ്യ സംഘടന 9000 പേർ അർബുദം ബാധിച്ച് മരിച്ചുകഴിഞ്ഞതായും പറയുന്നു. ഇനിയും ആയിരക്കണക്കിന്നു പേർ മരിക്കുമെന്നാണ് പറയുന്നത്. അമേരിക്കൻ ക്യാൻസർ ഇൻസ്റ്റിട്യൂട്ട് ഈയിടെ ഒരു പഠനം നടത്തുകയുണ്ടായി. ചെർണോബിലിൽ നിന്ന് ഐഡിന്ന് വിധേയരായവരുടെ കുട്ടികൾക്ക് ഇപ്പോഴും തൈറോയ്ഡ് കാൻസർ ഉണ്ടാകുന്നതായി അവർ കണ്ടെത്തി. കാലം ഇത്ര കഴിഞ്ഞിട്ടും

> ഇന്ത്യ ഇത്തരം കാര്യങ്ങൾ ഗൗരവപൂർവ്വം എടുക്കണം. കൂടംകുളത്തിന്നടുത്ത ദ്വീപുകളിലാണ് മീൻ പിടുത്തക്കാർ ജീവിക്കുന്നത്. ആ പ്രദേശത്തുതന്നെയാണ് മത്സ്യബന്ധനം നടത്തുന്നതും. അണുനിലയം നിർമ്മിക്കുന്നത് തമിഴ്നാട്ടിലെ കൂടംകുളത്താണെങ്കിലും, അണുനിലയത്തിൽ ഒരപകടം സംഭവിച്ചാൽ കേരളത്തിന്റെ പകുതിയും ആ പരിധിക്കകത്ത് പെടും.

ചെർണോബിലിന്നു ചുറ്റുമുള്ള പതിനായിരം ചതുരശ്ര കിലോമീറ്റർ പ്രദേശത്ത് പ്രവേശനാനുമതി നൽകുന്നില്ല. ഈ മേഖല കർക്കശമായ നിയന്ത്രണത്തിന് വിധേയമാണ്. (അതായത് കേരളത്തിന്റെ മൊത്തം വിസ്തീർണത്തിന്റെ നാലിലൊന്ന്) യൂറോപ്പിലേയും അമേരിക്കയിലേയും പരിസ്ഥിതി ശാസ്ത്രജ്ഞന്മാർ ഈയിടെ നടത്തിയ പഠനത്തിൽ ജപ്പാനിലെ ഫുക്കുഷിമയിൽ നടത്തിയ ഒരു പഠനത്തിൽ ചെർണോബിലിൽനിന്നുണ്ടായ കേഷ്യം- 137 ന്റെ വമനത്തിന്റെ 40 ശതമാനം ജപ്പാനിലുണ്ടായിട്ടുണ്ട്. പക്ഷെ ജപ്പാനിൽ അപകടമുണ്ടായ സമയത്ത് കാറ്റിന്റെ ഗതി കിഴക്കോട്ടായിരുന്നതിനാൽ കാഷ്യം-137 ന്റെ വമനം പത്തുശതമാനം മാത്രമായി കുറഞ്ഞു. കാറ്റിന്റെ ഗതി ആ സമയത്ത് പടിഞ്ഞാറോട്ടായിരുന്നുവെങ്കിൽ അപകടം പല മടങ്ങ് പെരുകുമായിരുന്നു.

### റിയാക്ടറിനെപ്പറ്റി

കൂടംകുളത്ത് സ്ഥാപിക്കുന്നതുപോലെയുള്ള ആധുനിക റിയാകടറുകൾ 100 ശതമാനവും സുരക്ഷിതമാണെന്ന അവകാശവാദം ശാസ്ത്രീയമായി അംഗീകരിക്കാനാവില്ല. റിയാക്ടർ ഏതു തരമായാലും അപകട സാധ്യത പൂർണമായി ഒഴിവാക്കാനാകില്ല. മാത്രമല്ല, ഇത്തരം റിയാക്ടറുകൾക്ക് പണ്ട് പല നിയന്ത്രണ ന്യൂനതകളും ഉണ്ടായിരുന്നു. ഉദാഹരണത്തിന്ന് 2006 മാർച്ച് ഒന്നാം തിയ്യതി ബൾഗേറിയയിലെ റിയാകടറിൽ അപകടമുണ്ടായി.

അണുകാര്യങ്ങളിൽ ഒരു വൈദഗ്ധ്യവുമില്ലാത്തവർക്കു പോലും പരീക്ഷിക്കാവുന്ന ചില കാര്യങ്ങളുണ്ട്. അപകടത്തിന്ന് യാതൊരു സാധ്യതയുമില്ലെന്നു പറയുന്നവരോട് ചോദിക്കാവുന്ന ഒരു കാര്യമുണ്ട്. അപകടത്തിന്ന് ഒരു സാധ്യതയുമില്ലെങ്കിൽ, നഷ്ടോത്തരവാദിത്വത്തിന്റെ കാര്യം വരുമ്പോൾ എന്തുകൊണ്ടാണ് ഉരുണ്ടു കളിക്കുന്നത്?

> കൂടംകുളത്തെ റിയാക്ടർ നിർമ്മിക്കുന്നത് ഒരു റഷ്യൻ കമ്പനിയാണ്. ഇന്ത്യാഗവർമ്മേണ്ടും റഷ്യൻ ഗവർമ്മേണ്ടും തമ്മിലുണ്ടാക്കിയ ഒരു സ്പെഷൽ നഷ്ടോത്തരവാദക്കരാറിന്റെ അടിസ്ഥാനത്തിലാണ് പണി നടന്നുവരുന്നത്. ഒരപകടം സംഭവിച്ചാൽ റഷ്യൻ കമ്പിയോട് നഷ്ടപരിഹാരം ആവശ്യപ്പെടില്ലെന്നാണ് കരാറിൽ പറയുന്നത്.

➡

# കൂടംകുളത്ത് വിദേശ കയ്യൊന്നുമില്ല; ഭീതിമാത്രം

**- ടി. രാമകൃഷ്ണൻ -**

തമിഴ്നാട്ടിലെ തൂത്തുക്കുടിയിലുള്ള ഇടന്തികരൈ മത്സ്യബന്ധന തൊഴിലാളികൾ ജീവിക്കുന്ന ഒരു ഗ്രാമമാണ്. തിരുനെൽവേലി പട്ടണത്തിൽനിന്ന് ഏതാണ്ട് 80 കിലോമീറ്റർ തെക്കുമാറിയാണിത് അവടത്തെ ലൂർദ്ദ് പള്ളി പ്രധാനപ്പെട്ട ഒരു ആരാധനാ കേന്ദ്രമാണ്. ഏതാണ്ട് ഒരു നൂറ്റാണ്ട് പഴക്കമുള്ള ഈ പള്ളി ഇപ്പോൾ പ്രതിഷേധ പ്രകടന കേന്ദ്രമായി മാറിയിരിക്കുന്നു. കാരണം, കൂടംകുളം അണുവൈദ്യുതി കേന്ദ്രംതന്നെ.

തിരുനൽവേലി ജില്ലയിലെ വിവിധ ഗ്രാമങ്ങളിൽനിന്നുള്ളവർക്കു പുറമെ തൂത്തുക്കുടി, കന്യാകുമാരിജില്ലകളിൽനിന്നുള്ളവരും ഒരു മാസത്തിലധികമായി ഇവിടെ റിലേ ഉപവാസം നടത്തുന്നു. കൂടംകുളം പദ്ധതി ഉപേക്ഷിക്കണമെന്നാണ് അവരുടെ ആവശ്യം. പ്രതിഷേധക്കാരിൽ അധികവും മത്സ്യബന്ധന തൊഴിലാളികളാണ്. എല്ലാവർക്കുമുണ്ട് ഓരോരോ ഭീതി. സുരക്ഷിതത്വകാര്യം അതിലൊന്നു മാത്രമാണ്. അണുനിലയം വന്നാൽ തങ്ങളുടെ ഉപജീവനമാർഗ്ഗം മുട്ടുമെന്ന് പലരും ഭയപ്പെടുന്നു. പണം വാരി വിതറിയാണ് പണി നടത്തുന്നതെന്ന് ചിലർ ചൂണ്ടിക്കാട്ടുന്നു. കൂടംകുളക്കാർക്കായി 250 കോടിയുടെ ഒരു വികസന പദ്ധതിയുണ്ടാക്കാമെന്ന മുൻ രാഷ്ട്രപതി ഡോ. അബ്ദുൽകലാമിന്റെ നിർദ്ദേശം ജനങ്ങൾക്ക് ഒട്ടുംതന്നെ ആകർഷകമായിട്ടില്ല.

ദിവസേന നടക്കുന്ന ഉപവാസ സമരത്തിൽ ഇരുനൂറോളം പേർ പങ്കെടുക്കാറുണ്ട്. ഇടന്തകരൈയിൽനിന്നുള്ള റാണി എന്ന സ്ത്രീ ആവേശകരമായിത്തന്നെ മുദ്രാവാക്യം മുഴക്കുന്നു. പല സ്ത്രീകളും തൂത്തുക്കുടി ജില്ലയിലെ തെരേസാപുരത്തുനിന്നുള്ളവരാണ്. താൻ മീൻപിടുത്തക്കാരുടേതായ കുടുംബത്തിലെ ഒരംഗമാണെന്ന് റാണി പറഞ്ഞു. അണുനിലയം വന്നാൽ തങ്ങളുടെ ഉപജീവനമാർഗ്ഗം മുടങ്ങുമെന്ന് മിക്കവരും കരുതുന്നു. എല്ലാവിധ സുരക്ഷിതത്വ നടപടികളും എടുത്തിട്ടുണ്ടെന്ന് ഡോ. അബ്ദുൾകലാം പറഞ്ഞതായി ചൂണ്ടിക്കാണിച്ചപ്പോൾ ജോസഫൈൻ എന്ന സ്ത്രീക്ക് കലികയറി. തങ്ങൾക്ക് ഉപജീവനമാർഗ്ഗം സംരക്ഷിക്കാൻ അവകാശമില്ലേയെന്ന് അവർ ചോദിച്ചു. തങ്ങളുടേത് ഒരു ജീവന്മരണ പോരാട്ടമാണെന്ന് അവർ പറഞ്ഞു. ഭർത്താവിനെ ബലി കൊടുക്കേണ്ടിവന്നാലും തങ്ങൾ പിന്മാറില്ലെന്നു അവർ പറയുന്നു.

---

ഇന്ത്യയും അമേരിക്കയും തമ്മിലുണ്ടാക്കിയ കരാർ പ്രകാരം റിയാക്ടർ നിർമ്മിക്കുന്ന കമ്പനിക്ക് ചില ഉത്തരവാദിത്വങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. ലഘുവായ ഈ വ്യവസ്ഥയെ ചൊല്ലിയാണു അമേരിക്കൻ കമ്പനികൾ റിയാക്ടർ നിർമ്മാണത്തിൽനിന്ന് ഒഴിഞ്ഞുമാറിനിൽക്കുന്നത്. തങ്ങളുടെ റിയാക്ടർ നൂറു ശതമാനവും സുരക്ഷിതമാണെന്നു പറയുന്നവർ ഈ നഷ്ടോത്തരവാദിത്വത്തിന്റെ കാര്യം വരുമ്പോൾ എന്തുകൊണ്ടാണ് തല മാളത്തിലേക്ക് പിൻവലിക്കുന്നത്? ❏

റാണിയുടേയും ജോസഫയിനിന്റേയും മനോഭാവം തന്നെയാണ് 620 കിലോമീറ്റർ വരുന്ന തീരദേശ വാസികൾക്കെല്ലാമുള്ളത്. കൂടംകുളം പദ്ധതിയോടുള്ള എതിർപ്പ് ഇപ്പോൾ പെട്ടെന്ന് ഉത്ഭവിച്ചതൊന്നുമല്ലെന്ന് എല്ലാവരും പറയുന്നു. 1988 നവമ്പറിൽ രാജീവ് ഗാന്ധിയും റഷ്യൻ നേതാവായ ഗോർബച്ചേവും തമ്മിൽ കരാറുണ്ടാക്കിയ കാലം മുതൽ തങ്ങൾ ഈ പദ്ധതിക്കെതിരായിരുന്നുവെന്ന് അവർ ചൂണ്ടിക്കാട്ടി. എല്ലാ പ്രതിഷേധങ്ങളും നിഷ്ഫലമാക്കാൻ 1989 മുതൽ അധികൃതർ ശ്രദ്ധിച്ചുപോന്നു. 1989 ൽ കന്യാകുമാരിയിൽ പ്രതിഷേധ പ്രകടനക്കാർക്കെതിരെ വെടിവയ്പുണ്ടായി. സമരത്തിന്റെ ഒന്നാം ഘട്ടം അതോടെ നിർജീവമായി.

സമരം വീണ്ടും ശക്തിപ്പെട്ടത് നാലുകൊല്ലം മുമ്പാണ്. ഒരടിയന്തര സാഹചര്യമുണ്ടായാൽ എന്തു ചെയ്യണമെന്നു കാണിക്കാനായി അധികൃതർ നടത്തിയ പ്രകടനമാണ് സ്ഥിതിഗതികളെ വഷളാക്കിയത്. ജനങ്ങളാകെ പേടിച്ചരണ്ടുപോയി. മുൻകൂട്ടി ആരോടും പറയാതെ നടത്തിയ ഈ അപകട നിവാരണ പരീക്ഷണ പരിപാടി ആകെ പാളിപ്പോയെന്ന് അധികൃതരും സമ്മതിക്കുന്നുണ്ട്.

കന്യാകുമാരിയിലെ പേച്ചപ്പാറ അണക്കെട്ടിൽനിന്ന് ശുദ്ധജലം നൽകാമെന്ന് അധികൃതർ ആദ്യം ഉറപ്പുനൽകിയിരുന്നു. പക്ഷെ അതൊരു പാഴ്വാഗ്ദത്തമായിത്തീർന്നു. ഭൂമി വിട്ടുകൊടുക്കുന്നവർക്ക് ജോലി നൽകാമെന്ന് അധികൃതർ ഏറ്റിരുന്നു. എങ്കിലും അല്പം ചിലർക്കേ ജോലി കിട്ടിയിട്ടുള്ളൂ.

ഈയിടെയാണ് ആരോടും പറയാതെ അപകടനിവാരണ പ്രവർത്തനം നടത്തിയത്. ജപ്പാനിലെ ഫുക്കുഷിമയിലുണ്ടായ അപകടത്തെക്കുറിച്ച് ജനങ്ങൾ കേട്ടറിഞ്ഞിരുന്നു. അങ്ങനെ എന്തോ ഇവിടേയും സംഭവിക്കാൻ പോകുന്നുവെന്ന് ജനങ്ങൾ ഭയപ്പെട്ടു. സമരം പുനരാരംഭിക്കാൻ ഇടയാക്കിയത് അതാണ്. ജനങ്ങൾ മുഖ്യമന്ത്രി ജയലളിതക്ക് ഒരു നിവേദനം സമർപ്പിച്ചിരുന്നു. മുഖ്യമന്ത്രി അനുകൂലിക്കുകയും ചെയ്തു.

ഒക്ടോബർ ഏഴാം തിയ്യതി സംസ്ഥാന ഗവർമ്മേണ്ടിന്റെ പ്രതിനിധികളും തദ്ദേശീയരുടെ പ്രതിനിധികളും സമരക്കാരുടെ പ്രതിനിധികളുംമെല്ലാമടങ്ങിയ ഒരു പ്രതിനിധി സംഘം ദൽഹിയിൽ പോയി പ്രധാനമന്ത്രി മൻമോഹൻ സിങ്ങിന്നു തന്നെ ഒരു നിവേദനം സമർപ്പിച്ചിരുന്നു. പ്രധാനമന്ത്രി എല്ലാം ക്ഷമയോടെ കേട്ടുവെന്നാണ് പ്രതിനിധി സംഘം ധരിച്ചിരുന്നത്. കാരണം, കൂടിക്കാഴ്ച 40 മിനിട്ട് നീണ്ടുനിന്നു. പക്ഷെ അതുകഴിഞ്ഞ് നാട്ടിലെത്തുമ്പോഴേക്കും കൂടംകുളം പദ്ധതി യഥാസമയം നടപ്പാക്കാൻ മുഖ്യമന്ത്രി ജയലളിതയോട് ആവശ്യപ്പെടുന്ന പ്രധാനമന്ത്രിയുടെ കത്താണ് പിന്നാലെ വന്നത്. ഇത് ജനങ്ങളെ നടുക്കിക്കളഞ്ഞു. തങ്ങളുടെ നിവേദനം പ്രധാനമന്ത്രി അനുഭാവപൂർവ്വം കേട്ടുവെന്നാണ് അതുവരെ ജനങ്ങൾക്കുണ്ടായിരുന്ന ധാരണ.

കൂടംകുളം ഇടവകയിലെ ബിഷപ്പും കോട്ടാർ ഇടവകയിലെ ബിഷപ്പും ജനങ്ങൾക്ക് ധാർമ്മികവും ആത്മീയവുമായ പിന്തുണയാണ് നൽകിവരുന്നതെന്ന് ബിഷപ്പ് പറഞ്ഞു. രാമേശ്വരത്തിന്നടുത്ത തങ്കച്ചിമഠം മുതൽ തീരദേശത്തുള്ള ക്രിസ്ത്യാനികൾ കത്തോലിക്കാ വിഭാഗത്തിൽ പെട്ടവരാണ്. ക്രൈസ്തവസഭ നൽകുന്ന പിന്തുണയിൽ യാതൊരു രാഷ്ട്രീയവുമില്ല. ഞങ്ങൾ ഗവർമ്മേണ്ടിന്നോ ഏതെങ്കിലും രാഷ്ട്രീയ കക്ഷിക്കോ എതിരല്ല എന്ന് ബിഷപ് പറഞ്ഞു. ഇടവകയിലെ റവ. അബ്രോസ് മുതൽക്കുള്ള പ്രതിഷേധക്കാരെല്ലാം ഈ പ്രതിഷേധം സമൂഹത്തിലെ എല്ലാ വിഭാഗക്കാരുടേതുമാണെന്ന് ആവർത്തിച്ചു പറയുന്നു. ഈ സമരം ജാതി, മതം, രാഷ്ട്രീയം എന്നിവക്കെല്ലാമുപരി ഉപജീവനമാർഗ്ഗം സംരക്ഷിക്കാനുള്ള ഒരു സമരമായിട്ടുണ്ടെന്ന് ഫാ. അബ്രോസ് പറഞ്ഞു.

ഈ സമരത്തിന്ന് വിദേശത്തുനിന്ന് ധനസഹായം ലഭിക്കുന്നുണ്ടെന്ന ആരോപണത്തെ എസ്.പി. ഉദയകുമാർ പാടെ നിഷേധിച്ചു. അണുശക്തിക്കെതിരായ ജനകീയ പ്രസ്ഥാനങ്ങളുടെ കോർഡിനേറ്ററാണ് ഉദയകുമാർ. ഈ പദ്ധതി ബാധിച്ചേക്കാവുന്ന പ്രദേശങ്ങളിലെ ജനങ്ങൾ നൽകുന്ന സംഭാവനത്തുട്ടുകൾ കൊണ്ടുമാത്രം നടത്തുന്ന ഒരു സമരമാണിതെന്ന് അദ്ദേഹം വിശദീകരിച്ചു.

തൂത്തുക്കുടിയിലെ ഒരു സർക്കാർ ജീവനക്കാരനും ഈ സമരത്തിന്റെ പന്നിൽ യാതൊരു രാഷ്ട്രീയവുമില്ലെന്ന് പറഞ്ഞു. എന്നാൽ ചില ജനകീയ പ്രസ്ഥാനങ്ങളും പള്ളികളും കൂടംകുളം പദ്ധതിയെ എതിർക്കുന്നുണ്ട്. കൂടംകുളം പദ്ധതിയെ പിന്താങ്ങുന്ന ചിലരും ഇല്ലാതില്ല. പക്ഷെ അവരൊരു ന്യൂനപക്ഷം മാത്രമാണ്. ഇവരിൽ പ്രധാനി എൻ. വിജയനാണ്. കൂടംകുളം പദ്ധതിയെ അനുകൂലിക്കുന്നവരുടേതായ ഒരു സംഘടനക്ക് ഇദ്ദേഹം രൂപം നൽകിയിട്ടുണ്ട്. തിരുനെൽവേലി ജില്ലാ പഞ്ചായത്തിലെ ഒരു മുൻ കൗൺസിലറായ വിജയൻ ഈയിടെ ജില്ലാ കലക്ടർ സെൽവരാജിന്ന് ഒരു നിവേദനം സമർപ്പിക്കുകയുണ്ടായി. കൂടംകുളം പദ്ധതിയുടെ പണി ത്വരിതപ്പെടുത്തണമെന്നാണ് അതിൽ ആവശ്യപ്പെട്ടിരുന്നത്.

കൂടംകുളം പദ്ധതിക്കെതിരായ പ്രസ്ഥാനത്തിലെ ഒരംഗമായിരുന്നു വീജയൻ. എന്താണിപ്പോൾ ഇത്തരതതിൽ കാലുമാറാൻ കാരണമെന്ന് ആരാഞ്ഞപ്പോൾ, അണുശക്തിയെക്കുറിച്ചുണ്ടായിരുന്ന തെറ്റുദ്ധാരണകൾ നീങ്ങിയതാണ് കാരണമെന്നു അദ്ദേഹം പറഞ്ഞു. സമരം നടത്തുന്ന ഗ്രാമീണരുടെ ഒരു പ്രതിനിധി സംഘത്തെ ചെന്നൈക്കടുത്തുള്ള കൽപക്കം അണുകേന്ദ്രത്തിലേക്ക് കൊണ്ടുപോയാൽ അവരുടെ തെറ്റുധാരണകളും നീങ്ങുമെന്ന് വിജയൻ പറയുന്നു.

തമിഴ്നാടിന്റെ തെക്കൻ തീരപ്രദേശങ്ങളുടെ വികസനത്തിന്ന് അണുശക്തി ആവശ്യമാണെന്ന് 82 വയസ്സുള്ള തൂത്തുക്കുടിക്കാരൻ ഹിരണ്യസുബ്ബു വാദിച്ചു. വികസനത്തെ അന്ധമായി എതിർത്തിട്ടു കാര്യമില്ലെന്നാണദ്ദേഹം പറയുന്നത്.

ഇടിന്തൂകരെയിലെ സമരത്തിൽ പങ്കെടുക്കുന്നരുടെ എണ്ണം കുറഞ്ഞുവരികയാണെന്ന് പോലീസ് പറയുന്നു. സമരം ആരംഭിച്ചപ്പോൾ പതിനായിരം പേർ പങ്കെടുത്തിരുന്നു. ഒരുമാസം കഴിഞ്ഞപ്പോഴേക്കും ആയിരത്തിൽ താഴെയായി. സമരക്കാർക്കെതിരെ ഇതിന്നകം എഴുപതു കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്. നിയമവിരദ്ധമായി സംഘം ചേർന്നു കുടിവെള്ള കുഴലിന്ന് കേടുവരുത്തി തുടങ്ങിവയ്ക്കാണ് കേസെടുത്തിരിക്കുന്നത്. കുറച്ചു ദിവസം കൂടി കഴിയുമ്പോഴേക്കും സമരമെല്ലാം ആറിത്തണുക്കും എന്നാണ് പോലീസ് കരുതുന്നത്.

പക്ഷെ റാണിയെപ്പോലെയുള്ളവർ മറിച്ചാണ് ചിന്തിക്കുന്നത്. ഈ സമരം വിജയിച്ചേ തീരൂ എന്ന് അവർ പറയുന്നു. ജനങ്ങളുടെ ഭാവി സുരക്ഷിതമാകാൻ കൂടംകുളം അടച്ചു പൂട്ടണമെന്ന് അവർ ആവശ്യപ്പെടുന്നു. ❑

# കിഷൻജി ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ടു

- കെ. ശ്രീനിവാസ റെഡ്ഡി -

മാവോയിസ്റ്റ് പ്രസ്ഥാനത്തിന്റെ നേതാവായ കിഷൻജി നവമ്പർ 25 ന്ന് ബംഗാളിലുണ്ടായ ഒരു ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ടതായി അധികൃതർ അവകാശപ്പെട്ടു. കോടേശ്വര റാവു എന്നതാണ് അദ്ദേഹത്തിന്റെ ശരിയായ പേര്. എന്നാൽ മാവോയിസ്റ്റ് നേതാക്കളിൽ മിക്കവരും സ്വന്തം പേരിൽ അറിയപ്പെടുന്നവരല്ല. 55 വയസ്സുള്ള കിശഷൻജിയുടെ യഥാർത്ഥ നാമം കോടേശ്വര റാവു എന്നാണ്.

അസാമാന്യമായ സംഘടനാ പാടവമുള്ള ആളാണ് കിഷൻജി. ബംഗാളിലെ ലാൽഗഡ് സമരം സംഘടിപ്പിച്ചത് കിഷൻജിയാണ്. ബംഗാളിന്നു പുറമെ ബീഹാർ, ഝാർഖണ്ഡ്, ഒറീസ, ആന്ധ്ര എന്നിവിടങ്ങളിലും കിഷൻജി ഒറ്റക്കാണ് മാവോയിസ്റ്റ് പ്രസ്ഥാനം പടുത്തുയർത്തിയത്.

മാവോയിസ്റ്റ് പ്രസ്ഥാനത്തിന്റെ സ്ഥാപകാംഗങ്ങളിലൊരാളായ കിഷൻജി ആന്ധ്രയിലെ കരിം നഗർ ജില്ലയിലെ പെഡ്ഡാപ്പള്ളി പട്ടണത്തിലെ ഒരു ബ്രാഹ്മണ കുടുംബത്തിലാണ് ജനിച്ചത്. ബിരുദം നേടിയ ശേഷം വീടുവിട്ട കിഷൻജി പിന്നീടൊരിക്കലും വീട്ടിൽ എത്തിയിട്ടില്ല. കിഷൻജിയുടെ അനുജനാണ് ലക്ഷ്മണ റാവു. ഇദ്ദേഹവും മാവോയിസ്റ്റ് പ്രസ്ഥാനത്തിന്റെ നേതാക്കളിലൊരാളാണ്. മാവോയിസ്റ്റുകൾക്കിടയിൽ ഗണപതി എന്ന പേരിലാണിദ്ദേഹം അറിയപ്പെടുന്നത്.

2011 ൽ മാവോയിസ്റ്റ് സെൻട്രൽ കമ്മിറ്റിയുടെ നാലു നേതാക്കന്മാർ അറസ്റ്റ് ചെയ്യപ്പെട്ടു. കൊല്ലപ്പെട്ട കിഷൻജി അഞ്ചാമനാണ്. ഇതോടെ മാവയിസ്റ്റ് സെൻട്രൽ കമ്മിറ്റിയുടെ സംഖ്യാബലം 21 ആയി കുറഞ്ഞിട്ടിണ്ട്.

തന്റെ മകൻ ഒരു കൃത്രിമ സംഘട്ടനത്തിൽ കൊല്ലപ്പെട്ടതാണെന്നും, ഇക്കാര്യത്തിൽ ഒരു ജുഡീഷ്യൽ അന്വേഷണത്തിന് കല്പന നൽകണമെന്നും അപേക്ഷിച്ചുകൊണ്ട് കിഷൻജിയുടെ അമ്മ മധുരമ്മ കൽക്കട്ട ചീഫ് ജസ്റ്റീസിന്നു ഒരപേക്ഷ അയച്ചതായി റിപ്പോർട്ടുണ്ട്. കിഷൻജി ഒരു കൃത്രിമ സംഘട്ടനത്തിലാണ് കൊല്ലപ്പെട്ടതെന്ന് അദ്ദേഹത്തിന്റെ അനുയായികൾ പറയുന്നു.

വിപ്ലവ കവിയും മാവോയിസ്റ്റ് സൈദ്ധാന്തികനുമായ വരവരറാവുവിന്ന് ഇക്കാര്യത്തിൽ സംശയമൊന്നുമില്ല. ജനങ്ങളെ പറഞ്ഞു പറ്റിക്കാനാണ് പോലീസ് സംഘട്ടനത്തിന്റെ കഥ മെനഞ്ഞുണ്ടാക്കുന്നത്. അർദ്ധ സൈനിക വിഭാഗത്തിൽപെട്ട ആയിരത്തോളം ഭടന്മാർ കിഷൻജിയേയും സഖാക്കളേയും വളഞ്ഞിരിക്കുന്നതായി ബുധനാഴ്ചതന്നെ വാർത്ത വന്നിരുന്നതായി വരവരറാവു ചൂണ്ടിക്കാട്ടുന്നു. പക്ഷെ ഈ പോലീസ് വൃത്തത്തിൽനിന്ന് കിഷൻജി രക്ഷപ്പെട്ടുവെന്നാണ് പറയുന്നത്. അദ്ദേഹം അങ്ങനെ ത്ധാർഖണ്ഡിലേക്ക് രക്ഷപപെട്ടുവെങ്കിൽ ബംഗാൾ പോലീസിന്ന് എങ്ങനെയാണ് അദ്ദേഹത്തെ വധിക്കാൻ സാധിക്കുന്നത്? പശ്ചിമ മേദിനീപുരത്ത് അർദ്ധ സൈനിക വിഭാഗങ്ങളുടെ വെടിയേറ്റ് കിഷൻജി മരിച്ചതെങ്ങനെയാണ്?

കിഷൻജിയുടെ മൃതദേഹം കുടുംബാംഗങ്ങൾക്ക് വിട്ടുകൊടുത്തപ്പോൾ അതിന്മേൽ മൂന്നാം മുറ പ്രയോഗിച്ചതിന്റെ ലക്ഷണങ്ങൾ കാണുകയുണ്ടായെന്നും വരവരറാവു പറഞ്ഞു. കഠിനമായി ഭേദ്യം ചെയ്തതിന്റെ ലക്ഷണങ്ങൾ മൃതദേഹത്തിൽ കാണുകയുണ്ടായി.

എന്നാൽ പോലീസ് ഇതെല്ലാം നിഷേധിക്കുന്നു. മാവോയിസ്റ്റുകൾ പോലീസിനെ കൂട്ടക്കൊല നടത്തുമ്പോൾ അതു



കിഷൻജിയുടെ വധത്തിൽ പ്രതിഷേധിച്ചുകൊണ്ട് കൽക്കത്താ സെക്രട്ടറിയറ്റിന്നു നേരെ നടന്ന മാർച്ചിൽ വിപ്ലവകവിയും മാവോയിസ്റ്റ് സൈദ്ധാന്തികനുമായ വരവരറാവു പ്രസംഗിക്കുന്നു. സമീപത്തു നിന്നു കരയുന്നത് കിഷൻജിയുടെ മരുമകൾ ദീപ റാവു. മുകളിൽ ഇൻസെറ്റിൽ കിഷൻജിയുടെ മരണവാർത്തയറിഞ്ഞ് തളർന്ന് കിടക്കുന്ന അമ്മ മധുരമ്മ.

ധീരകൃത്യമാണെന്നു പറയും. മാവോയിസ്റ്റുകളെ കൊന്നാൽ അത് തെറ്റായെന്നു പറയും. അതൊക്കെ സാധാരണയാണ് എന്ന് ഡി.ജി.പി വിജയകുമാർ ആക്ഷേപിക്കുന്നു.

കിഷൻജിയുടെ വധത്തിന്നു പുറമെ നാലു നേതാക്കളെ അറസ്റ്റ് ചെയ്യാനും ബംഗാൾ പോലീസിന്ന് കഴിഞ്ഞിട്ടുണ്ട്. സാഹേബ്ദ എന്ന പേരിൽ അറിയപ്പെടുന്ന ഝണ്ടു മുക്കർജി, ജസ്പാൽജി എന്നറിയപ്പെടുന്ന വിജയ ആര്യ, വരണസി സുബ്രഹ്മണ്യം ഭൂപേശ് എന്നറിയപ്പെടുന്ന അഖിലേശ് യാദവ് എന്നിവരാണ് ജയിലിലുള്ളത്.

കൊല്ലപ്പെട്ടവരും ജയിലിലടക്കപ്പെട്ടവരും കഴിച്ചാൽ മാവോയിസ്റ്റ് സെൻട്രൽ കമ്മിറ്റിയിൽ അവശേഷിക്കുന്നവർ ഇവരാണ്. (ബ്രാക്കറ്റിലുള്ളത് ശരിയായ പേര് - സൈന്യത്തിന്റെ ഊഹമനുസരിച്ച്)

1. ഗണപതി (സെക്രട്ടറി) (മുപ്പാല ലക്ഷ്മണ റാവു)
2. കിഷൻദ (പ്രശാന്ത ബോസ്)
3. ബാസവരാജ് (നമ്പല്ല കേശവ റാവു)
4. സുനിർമൽ (മിസിർ ബസ്ര)
5. അഭയ് (മല്ലോജൂല വേണുഗോപാൽ)
6. ആനന്ദ് (കടകം സുദർശൻ)
7. ശാതണ്ണ(മല്ലരാജി റെഡ്ഡി)
8. ദേവോജി (തിപ്പരി തിരുപ്പതി)
9. നിഷാന്ത് (ദേവകുമാർ സിങ്)
10. ജമ്പണ്ണ (ജിനിയുഗു നരസിംഹ റെഡ്ഡി)
11. രാമകൃഷ്ണ (അക്കിരാജു ഹരഗോപാൽ)
12. രമേശ് (കുപ്പുസ്വാമി ദേവരാജ്)
13. കോസ (കാദരി സത്യനാരായണ റെഡ്ഡി)
14. പരുഷൻ (ഗജാനന്ദ്)
15. പയാഗ (ചെന്ദേരി യാദവ്)
16. മഹേശ് (മോഹൻ)
17. കാഞ്ചൻ (രജ്ജിത് ബോസ്)
18. രാജേശ് (മനോജ്)
19. ചന്ദ്രണ്ണ (പുല്ലരി പ്രസാദ റാവു)
20. ചലപതി (രാമചന്ദ്ര റെഡ്ഡി പ്രതാപ് റെഡ്ഡി)
21. ഭാസ്കർ (മോഡം ബാലകൃഷ്ണ)

# രാവണൻ ആരാണ്? ശ്രീരാമൻ, സീത?

**- എസ്.എൻ. വിജേത -**

ദൽഹി സർവ്വകലാശാലയിലെ ചരിത്ര പണ്ഡിതന്മാർ, ചരിത്രാഭാസത്തിന്നു അനുകൂലമായി വോട്ടു ചെയ്യുമ്പോൾ യഥാർത്ഥ ചരിത്രകാരന്മാർക്ക് എന്തു ചെയ്യാൻ കഴിയും?

പരേതനായ ചരിത്ര പണ്ഡിതനും ബഹുഭാഷാ പണ്ഡിതനുമായ എ.കെ. രാമാനുജൻ രാമായണത്തെക്കുറിച്ച് എഴുതിയിരിക്കുന്ന പ്രബന്ധം സാർവ്വത്രിക പ്രശംസക്ക് പാത്രമായതാണ്. ദൽഹി സർവ്വകലാശാലയുടെ ചരിത്ര സിലബസ്സിൽനിന്ന് ഈ പ്രബന്ധം നീക്കം ചെയ്യാൻ അക്കാദമിക് കൗൺസിൽ തീരുമാനിച്ചിരിക്കുന്നു. സർവ്വകലാശാലയിലെ ചരിത്ര വിഭാഗത്തിന്റെ ശക്തമായ എതിർപ്പിനെ അവഗണിച്ചുകൊണ്ടാണ് അക്കാദമിക് കൗൺസിൽ ഈ തീരുമാനം കൈക്കൊണ്ടത്.

"മുന്നൂറു രാമായണങ്ങൾ; അഞ്ചു ഉദാഹരണങ്ങൾ; വിവർത്തനത്തിലെ മൂന്നു ചിന്താധാരകൾ" എന്നതാണ് പ്രബന്ധത്തിന്റെ പേര്. ബി.എ. ചരിത്ര ഓണേഴ്സിന്നുള്ള പാഠപുസ്തകത്തിൽ ഈ പ്രബന്ധം ഉണ്ടായിരുന്നു. ചില ഹിന്ദുത്വവാദികളുടെ എതിർപ്പിനെത്തുടർന്നാണ് അക്കാദമിക് കൗൺസിൽ ഇത് നീക്കം ചെയ്തിരിക്കുനനത്. ഇന്ത്യക്കകത്തും പുറത്തുമായി മുന്നൂറു ഭാഷ്യങ്ങൾ രാമായണത്തിന്നുണ്ടെന്നു സമർത്ഥിക്കുന്ന ഒന്നാണ് ഈ പ്രബന്ധം.

ഈ പ്രബന്ധം ഉപേക്ഷിക്കാൻ തീരുമാനിക്കുന്ന പ്രമേയം ഒക്ടോബറിൽ അക്കാദമിക് കൗൺസിലിൽ ചർച്ചക്കു വന്നു. പ്രമേയം വോട്ടിനിട്ടപ്പോൾ കൗൺസിലിലെ 120 അംഗങ്ങളിൽ ഒമ്പതുപേർ മാത്രമേ പ്രമേയത്തെ എതിർക്കാ ➡ നുണ്ടായുള്ളൂ.

"ഇത് തീർച്ചയായും ഒരു അക്കാദമിക് തീരുമാനമല്ല. വലതുപക്ഷ പിന്തിരിപ്പന്മാരുടെ സമ്മർദ്ദത്തിന്ന് അക്കാദമിക് കൗൺസിൽ വഴങ്ങിയതിന്റെ തെളിവുമാത്രമാണ്". എന്നാണ് അക്കാദമിക് കൗൺസിലിലെ അംഗവും ഇടതുപക്ഷക്കാരനുമായ രാംകേശ് കുമാർ പറഞ്ഞത്. അക്കാദമിക് കൗൺസിൽ അതിന്റെ നിലവാരത്തിൽ വെള്ളം ചേർത്തിരിക്കുകയാണ്. ഭൂരിപക്ഷ പിന്തുണയുള്ളതുമാത്രമേ സ്വീകാര്യമാവൂ എന്ന പ്രത്യയശാസ്ത്രമാണിത്. ചരിത്ര വിഭാഗത്തിന്റെ മേധാവിയായ പ്രൊ. ബി.ഡി. തരകനും രാകേശിന്റെ അഭിപ്രായത്തോട് യോജിക്കുന്നു.

ഈ പ്രബന്ധം മതപരമായ വികാരങ്ങളെ ക്ഷോഭിപ്പിക്കുമെന്നു പറഞ്ഞ് ഹൈക്കോടതിയിൽ ഒരു റിട്ട് ഹർജി സമർപ്പിച്ചിരുന്നു. പിന്നീടത് സുപ്രീം കോടതിയിലെത്തി. സുപ്രിംകോടതി പണ്ഡിതന്മാരുടെ അഭിപ്രായമറിയാൻ സർവ്വകലാശാലയെ ചുമതലപ്പെടുത്തി. വിദഗ്ധന്മരുടെ പേര് രഹസ്യമാക്കി വയ്ക്കണമെന്നും അവരുടെ അഭിപ്രായം മാത്രം അക്കാദമിക് കൗൺസിൽ മുമ്പാകെ വയ്ക്കണമെന്നും സുപ്രിം കോടതി നിർദ്ദേശിച്ചിരുന്നു. ഇതിന്നായി തിരഞ്ഞെടുത്ത നാലു പണ്ഡിതന്മാരിൽ മൂന്നുപേർക്കും ഈ പ്രബന്ധം സന്തോഷകരമായിരുന്നു. ഇതിൽ മതപരമായി ക്ഷോഭജനകമായ ഒന്നും ആരും കണ്ടില്ല. അതുകൊണ്ടു തന്നെ പ്രശ്നം വോട്ടിനിടേണ്ട കാര്യവുമില്ലായിരുന്നു.

2008 ൽ ഭാരതീയ വിദ്യാർത്ഥി പരിഷത്തിൽപ്പെട്ടവർ ചരിത്ര വിഭാഗം കയ്യേറി തല്ലിത്തകർത്തു. അന്നത്തെ ചരിത്ര മേധാവിയായിരുന്ന പ്രൊ. ജാഫ്രിക്ക് സ്വന്തം ഓഫീസിൽ കയറി ഒളിച്ചിരിക്കേണ്ടിവന്നു. അക്കാദമിക് കൗൺസിൽ ഇങ്ങനെയൊരു പ്രമേയം പാസാക്കുമ്പോൾ എന്റെ അഭിപ്രായത്തിന്ന് എന്താണൊരു വില എന്നാണ് പ്രൊ. ജാഫ്രി ചോദിച്ചത്.

പ്രബന്ധം തള്ളിക്കളഞ്ഞ രീതിയിൽതന്നെ പണ്ഡിതന്മാർക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ട്. വിദഗ്ധ കമ്മിറ്റിയുടെ അഭിപ്രായത്തെ ആരും മാനിച്ചില്ല. ചരിത്ര വിഭാഗത്തിന്റെ അഭിപ്രായത്തെ ആരും മാനിച്ചില്ല; ഭിന്നാഭിപ്രായം ചർച്ചാവിഷയമാക്കിയില്ല. സർവ്വകലാശാലയുടെ താല്പര്യത്തെ മുൻനിർത്തി പ്രബന്ധം ഒഴിവാക്കണമെന്നു മാത്രമാണ് വൈസ് ചാൻസലർ പറഞ്ഞത്. അതനുസരിച്ച് അക്കാദമിക് കൗൺസിൽ ഒരു പ്രമേയും വോട്ടിനിട്ട് പാസാക്കി. ഇതിൽനിന്ന് നമ്മുടെ കുട്ടികൾക്ക് ലഭിക്കുന്ന സന്ദേശം ലളിതമാണ്. എതിരഭിപ്രായത്തിന്ന് സ്ഥാനമില്ല എന്നതാണെന്ന് എക്സി കൗൺസിൽ മെമ്പറായ ഡോ. ആഭദേവ് ഹബീബ് പറഞ്ഞു.

വൈസ് ചാൻസലറുടെ നടപടിയിൽ ഡോ. ആഭദേവ് നിരാശ പ്രകടിപ്പിച്ചു. വൈസ് ചാൻസലർതന്നെ ഒരു ചരിത്ര പണ്ഡിതനാണെന്നതിന്നു പുറമെ ഇത്തരം പിൻതിരിപ്പൻ നടപടികളിൽകൂടി ആമഗ്നനായാൽ! ഇത്തരം പ്രബന്ധങ്ങൾ പാഠപുസ്തകത്തിൽ നിന്ന് നീക്കം ചെയ്യുന്നത് ഫാസിസത്തെ പ്രോത്സാഹിപ്പിക്കലാണ്. ഒരു വിദ്യാഭ്യാസ പ്രവർത്തകനും ഇത്തരമൊരു തീരുമാനത്തിൽ സന്തുഷ്ടനാവില്ല എന്ന് ഡോ. ആഭ പറഞ്ഞു.

ഇതിലൊന്നും ഒരു കാര്യവുമില്ല എന്നാണ് ഒരു സർവ്വകലാശാല വക്താവ് പറഞ്ഞത്. പ്രശ്നം സുപ്രീം കോടതിമുമ്പാകെയാണ്.സുപ്രീം കോടതിയുടെ ചോദ്യത്തിന്ന് ഉത്തരം നൽകാനാണിതൊക്കെ ചെയ്തത്.

പ്രബന്ധത്തിൽ അസാധാരണമായി പലതുമുണ്ട്. രാവണനെ സീതയുടെ അഛനായിട്ടാണിതിൽ വിവരിക്കുന്നത്. ശ്രീരാമനും സീതയും സോദരിസോദരന്മാരാണെന്നു പറയുന്നു. ഇതൊക്കെ വിദ്യാർത്ഥികളെ പഠിപ്പിക്കേണ്ട കാര്യങ്ങളല്ല എന്നൊരു പ്രൊഫസർ വാദിച്ചു.

ഈ പ്രബന്ധത്തിന്നു പകരം റൊമീള ഥാപ്പറുടേയും ബി.എസ്. ശർമ്മയുടേയും ഓരോ പ്രബന്ധം ഉൾപ്പെടുത്താനാണ് സർവ്വകലാശാലയുടെ തീരുമാനം. ❏

---

മരങ്ങൾ ഇടതിങ്ങി വളരുന്ന ബുരിസോൾ എന്ന കാട്ടു ഗ്രാമത്തിലാണ് കിഷൻജി ഏറ്റുമുട്ടലിന്നിരയായതെന്ന് അധികൃതർ പറയുന്നു. സംഘട്ടനത്തിന്നുശേഷം ദിവസം ഒന്നുകഴിഞ്ഞെങ്കിലും ഗ്രാമത്തിലെ ആരും പുറത്തിറങ്ങാൻ ധൈര്യപ്പെട്ടിട്ടില്ല. കിഷൻജി നവമ്പർ 25ന്ന് കൊല്ലപ്പെട്ടുവെന്ന് അധികൃതർ പറയുന്നുണ്ടെങ്കിലും നവമ്പർ 24 ന്ന് സന്ധ്യക്കാണ് സംഘട്ടനം നടന്നതെന്ന് ഗ്രാമീണർ പറയുന്നു. 25-ാം തിയ്യതി രാവിലെ പത്തുമണിയായപ്പോഴേക്കും അർദ്ധ സൈനിക വിഭാഗത്തിൽനിന്ന് നൂറുകണക്കിന്ന് ഭടന്മാർ ഗ്രാമത്തിലെത്തി. പുല്ലുമേഞ്ഞ അറുപതോളം വീടുകളാണ് ഗ്രാമത്തിലുള്ളത്. സൈനികർ ഓരോ വീടും ചവിട്ടിത്തുറന്ന് സൂക്ഷ്മമായ പരിശോധന നടത്തി. വീട്ടിൽ ആരെങ്കിലും ഒളിച്ചിരിപ്പുണ്ടോ എന്ന് അവർ വീട്ടുകാരോടെല്ലാം ചോദിച്ചു. ഒരു സ്ത്രീയെ നിങ്ങൾ കണ്ടുവോ എന്നാണ് എല്ലാ വീട്ടുകാരോടും ചോദിച്ചുകൊണ്ടിരുന്നത്.

കൊല്ലപ്പെട്ട മാവോയിസ്റ്റ് നേതാവായ ശശിധർ മഹതോവിന്റെ വിധവയായ സുചിത്ര മഹതോ കിഷൻജിയുടെ കൂടെ ഉണ്ടായിരുന്നുവെന്നാണ് അധികൃതർക്ക് ലഭിച്ച വിവരം. ആ സുചിത്രയെയാണ് സൈനികർ തിരയുന്നത്. മാവോയിസ്റ്റുകളുടെ നാലോ അഞ്ചോ നേതാക്കനമാർ ആ പ്രദേശത്ത് ഒളിച്ചിരിക്കുന്നുണ്ടെന്നാണ് അധികൃതർ കരുതുന്നത്.

ഗ്രാമീണർ പറയുന്നത് കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിന്നു ശേഷം മാവോയിസ്റ്റുകൾ അവിടെ വന്നിട്ടില്ലെന്നാണ്. നിയമസഭാ തിരഞ്ഞെടുപ്പു ബഹിഷ്ക്കരിക്കാൻ മാവോയിസ്റ്റുകൾ ആഹ്വാനം നൽകിയിരുന്നു. ❏

Reg. No.3551/93/L Dis Registered: KL/CR/TCR/347/2009-2011
Posted at R.M.S., Thrissur-21. Date of posting: 28-12-2011

# മനുഷ്യരിൽ നടത്തപ്പെടുന്ന മരുന്നു പരീക്ഷണം

***ലക്ഷ്യം:***

മനുഷ്യരിൽ നടത്തപ്പെടുന്ന എല്ലാ മരുന്നു പരീക്ഷണങ്ങളുടെയും ലക്ഷ്യം (i) രോഗ പ്രതിരോധം (ii)രോഗ നിർണയം (iii)ചികിത്സാനടപടികൾ (iv) രോഗകാരണവും രോഗാണുവിന്റെ വിന്യാസവും പ്രസരണവും - എന്നിവയിൽ വ്യക്തവും കൃത്യവുമായ അറിവുണ്ടാക്കുക എന്നതാണ്.

ഒരു ഡോക്ടറുടെ പ്രാഥമ കർത്തവ്യം രോഗിയുടെ ആരോഗ്യവും സുരക്ഷിതത്വവുമാണ്, നിർമ്മാതാവിന്റേയോ സ്ഥാപനത്തിന്റേയോ താൽപര്യങ്ങളല്ല. ചികിത്സാവേളയിൽ രോഗിയുടെ താൽപര്യം മാത്രം മുൻനിറുത്തി വേണം ഡോക്ടർ പ്രവർത്തിക്കാൻ.

***മൗലിക തത്വങ്ങൾ:***

മരുന്നു പരീക്ഷണങ്ങളിൽ ശാസ്ത്രത്തിന്റെയും സമൂഹത്തിന്റെയും താൽപര്യങ്ങളേക്കാൾ പങ്കാളിയുടെ (രോഗിയുടെ) താൽപര്യങ്ങൾക്കും സുരക്ഷിതത്വത്തിനുമാണ് മുൻഗണന. ഓരോ പങ്കാളിയുടെയും സ്വയം നിർണ്ണയാധികാരവും മനുഷ്യാന്തസ്സും മനുഷ്യാവകാശങ്ങളും മൗലീകാവകാശങ്ങളും എപ്പോഴും സംരക്ഷിക്കപ്പെടണം.

• മനുഷ്യരിൽ നടത്തപ്പെടുന്ന മരുന്നു പരീക്ഷണങ്ങളിൽ നാല് കാര്യങ്ങൾ ശ്രദ്ധിക്കണം. (1) തീരുമാനമെടുക്കാനുള്ള പങ്കാളിയുടെ അവകാശം, (2) ഗുണഫലങ്ങൾ, (3) ദോഷഫലങ്ങളുടെ അഭാവം. (4) പങ്കാളിക്ക് ലഭിക്കേണ്ട നീതി. ഇവ നാലും ചേരുമ്പോഴാണ് നൈതിക അടിത്തറ പൂർണ്ണമാകുന്നത്.

• ICMR ന്റെ നിബന്ധനകൾ പാലിക്കാതെ ഒരു മരുന്നു പരീക്ഷണവും ഇന്ത്യയിൽ നടക്കരുത്. മരുന്ന് ഏത് രാജ്യത്ത് ഉദ്പാദിപ്പിച്ചുവെന്നതോ, ഏതെല്ലാം രാജ്യങ്ങളിൽ പരീക്ഷിക്കപ്പെട്ടുവെന്നതോ നിബന്ധനകളുടെ കാർക്കശ്യം കുറയ്ക്കുന്നില്ല.

• വ്യവസ്ഥാപിതമായ നടപടിക്രമങ്ങളും അനുമതിയും കൂടാതെ നടത്തപ്പെടുന്ന ഓരോ മരുന്നു പരീക്ഷണവും രാജ്യത്ത് നിലവിലുള്ള നിയമങ്ങൾ പ്രകാരം വിചാരണ ചെയ്യപ്പെടണം.

തുടരും...

Printed and published by : **Dr. George Mathen for Niyama Samskara Kendram, Jananeethi**, P.B. No. 8, Thottappady, Mannuthy P.O., Thrissur - 680651. Tel: 487-2373479, Fax: 487-2373281, E-mail: gpneethi@sancharnet.in / gepuli@rediffmail.com www.jananeethi.org **Printing : St.Mary's Orphanage Offset Press, Thrissur. Ph : 2425062, 2446709**

**വരിസംഖ്യ:** വാർഷികം – 100 ക., ആയുഷ്കാലം – 1000 ക.